ദാദാ ഭഗവാൻ

വിശദീകരിച്ചിരിക്കുന്നതു പോലെ

# കോപം



കോപം എന്നാൽ പ്രകടമായ അഗ്നിയാണ്,
ആദ്യം സ്വയം കത്തുന്നു,
പിന്നെ മറ്റുള്ളവരെയും കത്തിക്കുന്നു

Malayalam

ദാദാ ഭഗവാൻ

വിശദീകരിച്ചിരിക്കുന്നതു പോലെ

# കോപം

മൂലരൂപം ഗുജറാത്തിയിലാണ്.

അതിന്റെ ഇംഗ്ലീഷ് വിവർത്തനം ഈ മാർഗ്ഗം പിന്തുടരുന്നവർ നടത്തിയിട്ടുള്ളതാണ്.

ഈ മലയാളം വിവർത്തനത്തിന് ഇംഗ്ലീഷ് വിവർത്തനമാണ് അവലംബിച്ചിട്ടുള്ളത്.

**Publisher : Mr. Ajit C. Patel**
**Dada Bhagwan Vignan Foundation**
1, Varun Apartment, 37, Shrimali Society,
Opp. Navrangpura Police Station,
Navrangpura, Ahmedabad - 380009
Tel.: +91 79 3500 2100

© All Rights reserved with
Dada Bhagwan Foundation Trust,
5, Mamta Park Society, B/h. Navgujarat College,
Usmanpura,Ahmedabad - 380014, Gujarat, India.
No Part of this book may be used or reproduced in any manner whatsoever without written permission from the holder of the copyrights.

**First Edition :** 500 copies, June 2021

**Price :** Ultimate Humility (leads to Universal oneness) and Awareness of "I Don't Know Anything"
Rs.: 20.00

**Printer :** Amba Multiprint
B - 99, Electronics GIDC, K-6 Road
Sector - 25, Gandhinagar - 382044.
Gujarat, India.
Tel. : +91 79 3500 2142

# ത്രിമന്ത്രം






നമോ വീതരാഗായ

നമോ അരിഹന്താണം

നമോ സിദ്ധാണം

നമോ ആയരിയാണം

നമോ ഉവ്വജ്ജായാണം

നമോ ലോ യേ സവ്വ സാഹൂണം

എസോ പഞ്ച നമുക്കാരോ

സവ്വ പാവാപ്പനാസണോ

മംഗളാണം ച സവ്വേശിം

പഠമം ഹവായ് മംഗളം

ഓം നമോ ഭഗവതേ വാസുദേവായ

ഓം നമഃ ശിവായ

ജയ് സത് ചിദാനന്ദ്.





## ആരാണ് ദാദാ ഭഗവാൻ?

1958 ജൂൺ മാസത്തിലെ ഒരു സായാഹ്നം, ഏകദേശം ആറുമണിക്ക്, സൂറത്ത് റെയിൽവേ സ്റ്റേഷനിലെ കോലാഹലങ്ങൾക്കിടയിൽ, ഒരു ബഞ്ചിലിരിക്കെ, ***ദാദാഭഗവാൻ*** അംബാലാൽ മുൽജിഭായ് പട്ടേലിന്റെ വിശുദ്ധ ശരീരത്തിനുള്ളിൽ പൂർണ്ണമായി വെളിപ്പെട്ടു. ആത്മീയതയുടെ ശ്രദ്ധേയമായ ഒരു പ്രതിഭാസം പ്രകൃതി വെളിവാക്കി! ഒരു മണിക്കൂറിനകം, പ്രപഞ്ചത്തിന്റെ ദർശനം അദ്ദേഹത്തിന് വെളിവായി. ആരാണ് നാം? ആരാണ് ദൈവം? ആര് ലോകം പരിപാലിക്കുന്നു? എന്താണ് കർമ്മം? എന്താണ് മോക്ഷം? എന്നു തുടങ്ങിയ ആത്മീയമായ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ പൂർണ്ണമായും അദ്ദേഹത്തിന് വ്യക്തമായി.

ആ വൈകുന്നേരം അദ്ദേഹത്തിന് ലഭിച്ചത്, വെറും രണ്ടു മണിക്കൂർ കൊണ്ട്, തന്റെ ***ജ്ഞാനവിധി*** എന്ന നൈസർഗ്ഗികമായ ശാസ്ത്രീയ പരീക്ഷണത്തിലൂടെ, അദ്ദേഹം മറ്റുള്ളവർക്ക് നല്കി! ഇത് ***അക്രം മാർഗ്ഗം*** എന്ന് അറിയപ്പെടുന്നു. തുടർച്ചയായി പടികൾ ഒന്നൊന്നായി കയറിപ്പോകുന്ന മാർഗ്ഗമാണ് ക്രം. അക്രം പടികളില്ലാത്ത എളുപ്പവഴിയാണ്, ഒരു ലിഫ്ററിലെന്ന പോലെ പെട്ടന്ന് ഉയർത്തുന്ന മാർഗ്ഗമാണ്!

അദ്ദേഹം സ്വയം ദാദാ ഭഗവാൻ ആരാണ് എന്ന് വിശദീകരിക്കുന്നത് ഇങ്ങനെയാണ്, "നിങ്ങളുടെ മുന്നിൽ ദൃശ്യനായിരിക്കുന്ന ആൾ ***ദാദാ ഭഗവാൻ*** അല്ല. ഞാൻ ജ്ഞാനീപുരുഷനാണ്. എനിക്കകത്ത് വെളിപ്പെട്ടിരിക്കുന്ന ഭഗവാനാണ് ***ദാദാ ഭഗവാൻ.*** അദ്ദേഹം പതിനാലു ലോകങ്ങളുടേയും ഭഗവാനാണ്. അദ്ദേഹം നിങ്ങൾക്കുള്ളിലുമുണ്ട്, എല്ലാവരുടെ ഉള്ളിലും ഉണ്ട്. അദ്ദേഹം നിങ്ങൾക്കുള്ളിൽ പ്രകടമാകാതെ ഇരിക്കുന്നു, അതേ സമയം ഇവിടെ (എ.എം.പട്ടേലിനകത്ത്) അദ്ദേഹം പൂർണ്ണമായി വെളിപ്പെട്ടിരിക്കുന്നു! ഞാൻ, സ്വയം ദൈവമല്ല (ഭഗവാനല്ല); എനിക്കകത്ത് വെളിപ്പെട്ടിരിക്കുന്ന ***ദാദാ ഭഗവാനെ*** ഞാനും വണങ്ങുന്നു."

# ആത്മജ്ഞാനം നേടുന്നതിന് ഇപ്പോഴുള്ള കണ്ണി

1958 ൽ ആത്മജ്ഞാനം ലഭിച്ചതിനു ശേഷം, പരമപൂജ്യനായ ***ദാദാ ഭഗവാൻ*** (ദാദാശ്രീ) ആത്മീയ പ്രഭാഷണങ്ങൾ നടത്തുന്നതിനും ആത്മീയ അന്വേഷകർക്ക് ആത്മജ്ഞാനം നല്കുന്നതിനുമായി ദേശീയവും അന്തർദേശീയവുമായ യാത്രകൾ നടത്തി.

അദ്ദേഹത്തിന്റെ ജീവിതകാലത്തു തന്നെ, ദാദാജി പൂജ്യ ഡോ. നീരുബെൻ അമീനിന് (നീരുമാ) മറ്റുള്ളവർക്ക് ആത്മജ്ഞാനം നല്കുന്നതിനുള്ള സിദ്ധികൾ നല്കിയിരുന്നു. അതേ പോലെ, ദാദാശ്രീ നശ്വര ശരീരം വെടിഞ്ഞതിനു ശേഷം പൂജ്യ നീരുമാ ആത്മീയാന്വേഷകർക്ക് സത്സംഗങ്ങളും ആത്മജ്ഞാനവും, ഒരു നിമിത്തം എന്ന രീതിയിൽ നല്കിക്കൊണ്ടിരുന്നു. സത്സംഗങ്ങൾ നടത്തുന്നതിനുള്ള ആത്മീയ സിദ്ധികൾ പൂജ്യ ദീപക് ഭായ് ദേശായിക്കും ദാദാജി നല്കിയിരുന്നു. ഇപ്പോൾ പൂജ്യ നീരുമയുടെ അനുഗ്രഹത്തോടെ പൂജ്യ ദീപക് ഭായ് ആത്മജ്ഞാനം നല്കുന്നതിനുള്ള നിമിത്തമായി ദേശീയവും അന്തർദേശീയവുമായ യാത്രകൾ നടത്തിവരുന്നു.

ആത്മജ്ഞാനത്തിനുശേഷം, ആയിരക്കണക്കിന് ആത്മീയാന്വേഷകർ ബന്ധനമുക്തരായി സ്വതന്ത്രമായ അവസ്ഥയിൽ നില നില്ക്കുകയും ലൗകികമായ ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിനിടക്കു തന്നെ ആത്മാനുഭവത്തിൽ സ്ഥിതിചെയ്യുകയും ചെയ്യുന്നു.

# വിവർത്തകക്കുറിപ്പ്

ദാദാശ്രീ അല്ലെങ്കിൽ ദാദാ അല്ലെങ്കിൽ ദാദാജി എന്ന് അറിയപ്പെടുന്ന ജ്ഞാനി പുരുഷ് അംബലാൽ എം.പട്ടേൽ, സയൻസ് ഓഫ് സെൽഫ്-റിയലൈസേഷൻ, ലൗകിക ഇടപെടലിന്റെ കല എന്നിവയെ കുറിച്ചുള്ള തന്റെ സത്സംഗത്തെ ഇംഗ്ലീഷിലേക്ക് കൃത്യമായി വിവർത്തനം ചെയ്യാൻ കഴിയില്ല എന്ന് പറയും ആയിരുന്നു. അന്വേഷകനെ അറിയിക്കേണ്ട അർത്ഥത്തിന്റെ ആഴവും ഉദ്ദേശ്യവും നഷ്ടപ്പെടും. തന്റെ പഠിപ്പിക്കലുകൾ എല്ലാം കൃത്യമായി മനസ്സിൽ ആക്കാൻ ഗുജറാത്തി പഠിക്കേണ്ടതിന്റെ പ്രാധാന്യം അദ്ദേഹം ഊന്നിപ്പറഞ്ഞു

അങ്ങനെയാണെങ്കിലും തന്റെ വാക്കുകൾ ഇംഗ്ലീഷിലേക്കും മറ്റു ഭാഷകളിലേക്കും വിവർത്തനം ചെയ്യുന്നതിന് അദ്ദേഹം അനുഗ്രഹം നല്കിയിട്ടുണ്ട്. അങ്ങനെ ആത്മീയ അന്വേഷകർക്ക് ഒരു പരിധിവരെ നേട്ടമുണ്ടാക്കാനും പിന്നീട് സ്വന്തം പരിശ്രമത്തിലൂടെ മുന്നേറാനും സാധിക്കും. ഈ ശാസ്ത്രത്തിന്റെ അസാധാരണ ശക്തികളെ കുറിച്ച് ലോകം വിസ്മയപ്പെടുന്ന ഒരു ദിവസം വരുമെന്നും അദ്ദേഹം പറഞ്ഞു.

ജ്ഞാനിപുരുഷനായ ദാദാശ്രീയുടെ ഉപദേശങ്ങളുടെ സാരാംശം ലോകത്തിന് മുന്നിൽ അവതരിപ്പിക്കാൻ ഉള്ള എളിയ ശ്രമമാണ് ഇത്. അദ്ദേഹത്തിന്റെ വാക്കുകളുടെ സ്വരവും സന്ദേശവും സംരക്ഷിക്കാൻ വളരെ അധികം ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. ഇത് അദ്ദേഹത്തിന്റെ കൃതികളുടെ അക്ഷരീയ വിവർത്തനമല്ല. നിരവധി വ്യക്തികൾ ഈ ഉല്പ്പന്നത്തിനായി ഉത്സാഹത്തോടെ പ്രവർത്തിച്ചിട്ടുണ്ട്, ഞങ്ങൾ എല്ലാവരോടും നന്ദി ഉള്ളവരായി തുടരുന്നു

അദ്ദേഹത്തിന്റെ പഠിപ്പിക്കലുകളുടെ വിശാലമായ പുതിയ നിധിയുടെ പ്രാഥമിക ആമുഖം ആണ് ഇത്. വിവർത്തനത്തിൽ വരുത്തിയ പിശകുകൾ പൂർണ്ണമായും വിവർത്തകരുടെത് ആണെന്ന കാര്യം ശ്രദ്ധിക്കുക. ഞങ്ങൾ അവർക്കായി മാപ്പ് അഭ്യർത്ഥിക്കുന്നു

# ആമുഖം

കോപം ഒരു ദൗർബ്ബല്യം ആണ്. എന്നാൽ ആളുകൾ കരുതുന്നു അത് ശക്തി ആണെന്ന്. കോപം പ്രകടിപ്പിക്കാത്ത ആൾക്ക് കോപം പ്രകടിപ്പിക്കുന്ന ആളെക്കാൾ കൂടുതൽ ആന്തരിക ശക്തി ഉണ്ട്.

കാര്യങ്ങൾ തന്റെ വഴിക്ക് നീങ്ങാതെ ഇരിക്കുമ്പോഴോ, മറ്റെ ആൾ തന്നെ മനസ്സിൽ ആക്കാതെ ഇരിക്കുമ്പോഴോ, കാഴ്ചപ്പാടിൽ വ്യത്യാസം ഉണ്ടാകുമ്പോഴോ സാധാരണയായി ഒരാൾ കോപിക്കുന്നു. പലപ്പോഴും നാം ചെയ്യുന്നത് ശരിയാണ് എന്ന് നാം വിശ്വസിക്കുകയും അതേ സമയം നാം ചെയ്യുന്നത് തെറ്റാണ് എന്ന് മറ്റുള്ളവർ കുറ്റ പെടുത്തുകയും ചെയ്യുമ്പോൾ നാം കോപിക്കുന്നു. നമ്മുടെ അവബോധം അനുസരിച്ച് നാം ചെയ്യുന്നത് ശരിയാണ് എന്ന് നാം വിചാരിക്കുന്നു. അതെ സമയം മറ്റെ ആളും വിചാരിക്കുന്നു അയാൾ ചെയ്യുന്നത് ആണ് ശരി എന്ന്. സാധാരണയായി എന്താണ് അടുത്തതായി ചെയ്യേണ്ടത് എന്ന് അറിയാതെ ഇരിക്കുമ്പോഴും ദീർഘ വീക്ഷണം ഇല്ലാതെ ഇരിക്കുമ്പോഴും അന്തർജ്ഞാനം ഇല്ലാതെ ഇരിക്കുമ്പോഴും നാം കോപിക്കാറുണ്ട്.

പരിഹസിക്ക പെടുമ്പോഴും, നഷ്ടം സംഭവിക്കുമ്പോഴും നമ്മുടെ അഭിമാനമോ ആർത്തിയോ സംരക്ഷിക്കുന്നതിനും നാം കോപിക്കുന്നു. ഒരാൾക്ക് അഭിമാനത്തിൽ നിന്നും ആർത്തിയിൽ നിന്നും സ്വതന്ത്രം ആകുന്നതിന് ബോധം ആവശ്യമാണ്. വേലക്കാരൻ ഒരു ചൈനാ ടീ സെറ്റ് പൊട്ടിച്ചാൽ എന്തു സംഭവിക്കും? നിങ്ങളുടെ മരുമകൻ ആണ് അത് പൊട്ടിക്കുന്നത് എങ്കിൽ, നിങ്ങൾ നിങ്ങളുടെ കോപം നിയന്ത്രിക്കില്ലേ? അതുകൊണ്ട്, അത് സാഹചര്യത്തെ ആശ്രയിച്ച് ഇരിക്കുന്നു.

ഒരാൾ തന്നെ നശിപ്പിക്കുമ്പോൾ, അയാൾ തന്റെ കഴിഞ്ഞ ജന്മത്തിലെ പ്രവൃത്തിയുടെ കർമ്മ ഫലം അനുഭവിപ്പിക്കുന്നതിന് ഉള്ള

വെറും നിമിത്തം മാത്രം ആണ് എന്ന് തിരിച്ച് അറിഞ്ഞാൽ മാത്രമെ കോപം അപ്രത്യക്ഷം ആവുക ഉള്ളു.

എവിടെ ആണ് കോപം ഉണ്ടാകുന്നത് എന്നും എപ്പോഴ് ആണ് കോപം ഉണ്ടാകുന്നത് എന്നും നമുക്ക് അറിവ് ഉണ്ടാവണം. നമ്മുടെ കോപം കൊണ്ട് ആരെങ്കിലും വേദനിക്കുക ആണെങ്കിൽ, നാം പശ്ചാത്തപിക്കുകയും, അവരോട് മാപ്പ് അപേക്ഷിക്കുകയും ഇനി ഒരിക്കലും കോപിക്കുകയില്ല് എന്ന് ഉറച്ച തീരുമാനം എടുക്കുകയും വേണം. നാം ആരോടാണോ കോപിക്കുന്നത്, അയാൾ വേദനിക്കാൻ ഇട വരുന്നു എന്നതു കൊണ്ടും, നമുക്ക് എതിരെ പ്രതികാരം മനസ്സിൽ സൂക്ഷിക്കാൻ കാരണം ആകും എന്നതു കൊണ്ടും നാം ഇത് ചെയ്തേ മതിയാവൂ. അല്ലെങ്കിൽ അടുത്ത ജന്മത്തിൽ നാം അതിന്റെ ഫലം അനുഭവിക്കേണ്ടി വരും.

മാതാപിതാക്കൾ കുട്ടികളോടും, ഗുരുക്കന്മാർ ശിഷ്യന്മാരോടും കോപിക്കുമ്പോൾ അവർ പുണ്യ കർമ്മം ആണ് ബന്ധിപ്പിക്കുന്നത്. അതിനു കാരണം, അവരുടെ ലക്ഷ്യം കുട്ടികളുടേയും ശിഷ്യന്മാരുടേയും പുരോഗതി മാത്രം ആണ് എന്നതാണ്. സ്വാർത്ഥ ലാഭത്തിനു വേണ്ടി ഒരാൾ അങ്ങനെ ചെയ്താൽ, അയാൾ പാപ കർമ്മം ആയിരിക്കും ബന്ധിപ്പിക്കുന്നത്. ഇതാണ് ജ്ഞാനപ്രകാശം നേടിയവരുടെ ഉപദേശം.

ഇവിടെ കൈകാര്യം ചെയ്യുന്ന കോപം എന്ന വിഷയം, ഏറ്റവും കുഴപ്പം ഉണ്ടാക്കുന്നതും പ്രത്യക്ഷവും ആയ, മനുഷ്യന്റെ ആന്തരിക ദൗർബ്ബല്യം ആണ്. അത് വ്യക്തമായ തിരിച്ചറിവു ലഭിക്കുന്നതിനായി, സമഗ്രമായി ചർച്ച ചെയ്യുന്നു. കോപത്തിന്റെ കഠിനമായ പിടിയിൽ പെട്ടു പോയിരിക്കുന്ന വായനക്കാർക്ക്, അതിൽ നിന്നും മോചനം നേടാൻ ഉള്ള ശ്രമത്തിന് ഈ പുസ്തകം സഹായം ആകണമേ എന്നതാണ് ഞങ്ങളുടെ ആത്മാർത്ഥമായ പ്രതീക്ഷ.

**ഡോ. നീരുബെൻ അമീൻ**

# കോപം

## (1) താനാണ് തെറ്റുകാരൻ എന്ന് ആരാണ് സമ്മതിക്കുക?

**ചോദ്യകർത്താവ്:** നാം ചെയ്യുന്നത് ശരിയായിരിക്കെ, ഒരാൾ നാം ചെയ്തത് തെറ്റാണ് എന്നു കരുതുമ്പോൾ, നാം അയാളോട് കോപിക്കും. എങ്ങനെ നമുക്ക് കോപിക്കാതിരിക്കാനാവും?

**ദാദാശ്രീ:** അതെ. പക്ഷെ നിങ്ങൾ ചെയ്തത് ശരിയാണെങ്കിൽ മാത്രം. നിങ്ങൾ ചെയ്തതാണോ യഥാർത്ഥത്തിൽ ശരിയായത്? നിങ്ങൾ ചെയ്തതാണ് ശരി എന്ന് നിങ്ങൾക്കെങ്ങനെ അറിയാം?

**ചോദ്യകർത്താവ്:** നാം ചെയ്തതാണ് ശരിയെന്ന് ആത്മാവ് പറയുന്നു.

**ദാദാശ്രീ:** ഈ സാഹചര്യത്തിൽ, നിങ്ങളാണ് ന്യായാധിപൻ, നിങ്ങൾ തന്നയാണ് വക്കീൽ, നിങ്ങൾ തന്നെയാണ് കുറ്റവാളിയും. അപ്പോൾ തീർച്ചയായും നിങ്ങൾ ചെയ്തത് ശരിയാവാനെ വഴിയുള്ളു. നിങ്ങൾ തെറ്റുകാരനാണെന്നു വരാൻ നിങ്ങൾ ഒരിക്കലും അനുവദിക്കുകയില്ല. അതേ സമയം മറ്റെ ആളും വിചാരിക്കും അയാൾ ചെയ്തതാണ് ശരി എന്ന്. നിങ്ങൾക്ക് മനസ്സിലായോ?

## (2) ഇതൊക്കെ ദൗർബ്ബല്യങ്ങളാണ്

**ചോദ്യകർത്താവ്:** അന്യായത്തിനെതിരെ വെറുപ്പു തോന്നുന്നത് നല്ലതല്ലെ? നാം വ്യക്തമായും അന്യായം കാണുമ്പോൾ, ദേഷ്യം തോന്നുന്നത് ന്യായീകരിക്കാവുന്നതല്ലേ?

**ദാദാശ്രീ:** കോപവും വെറുപ്പും ദൗർബ്ബല്യങ്ങളാണ്. ലോകം മുഴുവനും ഈ ദൗർബ്ബല്യങ്ങൾ ഉണ്ട്. ആരെങ്കിലും വഴക്കു പറഞ്ഞാൽ നിങ്ങൾ കോപിക്കില്ലേ?

**ചോദ്യകർത്താവ്:** ഉവ്വ്, കോപിക്കും.

**ദാദാശ്രീ:** അത് ഒരു ശക്തിയാണോ ദൗർബ്ബല്യമാണോ?

**ചോദ്യകർത്താവ്:** ചില സാഹചര്യങ്ങളിൽ കോപിക്കേണ്ടത് അത്യാവശ്യമാണ്.

**ദാദാശ്രീ:** അല്ലല്ല. കോപം ഒരു ദൗർബ്ബല്യമാണ്. ചില സാഹചര്യങ്ങളിൽ കോപം അത്യാവശ്യമാണ് എന്നു പറയുന്നത് ഒരു ലൗകിക വീക്ഷണമാണ്. ജനങ്ങൾ അത്തരം പ്രസ്താവനകൾ നടത്തുന്നത് അവർക്ക് കോപത്തെ ഒഴിവാക്കാൻ കഴിയാത്തതു കൊണ്ടാണ്.

## (3) മനസ്സുപോലും ചീത്തയാകാത്തവൻ ശക്തനാണ്!

**ചോദ്യകർത്താവ്:** ആരെങ്കിലും നിങ്ങളെ പരിഹസിക്കുമ്പോൾ, മൗനമായി ഇരിക്കുന്നത് ഭീരുത്വമായി കണക്കാക്കപ്പെടില്ലേ?

**ദാദാശ്രീ:** ഒരിക്കലുമില്ല. പരിഹാസം സഹിക്കുക എന്നത് വലിയ ശക്തിയുടെ ലക്ഷണമാണ്. ഇപ്പോൾ ഒരാൾ എന്നെ വഴക്കു പറയുകയാണെങ്കിൽ, എനിക്ക് അയാളോട് ഒരൊറ്റ നെഗറ്റീവ് ചിന്ത പോലുമുണ്ടാവില്ല. അതാണ് ശക്തി. എല്ലാ പിറുപിറുപ്പും വഴക്കുകൂടലുമെല്ലാം ദൗർബ്ബല്യമാണ്. ഒരു പരിഹാസം ശാന്തമായി സഹിക്കുന്നത് വലിയ ശക്തിയാണ്. അങ്ങനെ ഒരു പരിഹാസം ഒരു വട്ടം തരണം ചെയ്യാനായാൽ, ഈ രീതിയൽ ഒരടി മുന്നോട്ടു വെക്കാനായാൽ, അങ്ങനെ ഒരു നൂറടികൾ മുന്നോട്ടു വെക്കാനുള്ള ശക്തി നിങ്ങൾക്കു ലഭിക്കും. നിങ്ങൾക്കു മനസ്സിലായോ? ശത്രു ശക്തനാണെങ്കിൽ, മറ്റെ പാർട്ടി ദുർബ്ബലനാകും. അത് സ്വാഭാവികമാണ്. ഒരു ദുർബ്ബലൻ നമ്മെ പീഡിപ്പിക്കുമ്പോൾ, നാം പകരം ഒന്നും ചെയ്യാതിരുന്നാൽ, അത് വലിയ ശക്തിയായി കണക്കാക്കപ്പെടും.

വാസ്തവത്തിൽ ദുർബ്ബലർ സംരക്ഷിക്കപ്പെടേണ്ടവരും ശക്തർ അഭിമുഖീകരിക്കപ്പെടേണ്ടവരും ആണ്. ഈ കാലഘട്ടത്തിൽ അങ്ങനെയുള്ളവരെ കാണാൻ കഴിയുന്നില്ല. ഇന്നത്തെ കാലത്ത് ആളുകൾ ദുർബ്ബലരെ നിരന്തരം മുറിവേല്പിക്കുകയും ശക്തരായവരിൽ നിന്നും ഓടിയകലുകയും ചെയ്യുന്നു. ദുർബ്ബലരെ സംരക്ഷിക്കുന്നവരും ശക്തരോടേറ്റേട്ടുമുട്ടുകയും ചെയ്യുന്നവർ അപൂർവ്വമാണ്. ലോകം നിരന്തരം ദുർബ്ബലരെ വേദനിപ്പിക്കുന്നു. വീട്ടിൽ ഭർത്താവ് ഭാര്യയെ ഭരിക്കുന്നു. കെട്ടിയിട്ട പശുവിനെ അടിച്ചാൽ, അത് എവിടെപ്പോകും? കെട്ടഴിച്ചുവിട്ട് അവളെ അടിച്ചാലോ? അവൾ ഒന്നുകിൽ ഓടിപ്പോകും. അല്ലെങ്കിൽ തിരിച്ച് ആക്രമിക്കും.

ഒരാൾക്ക് ശക്തിയുണ്ടെങ്കിലും, ശത്രുവാണെങ്കിൽ പോലും, പ്രതിയോഗിയെ വേദനിപ്പിക്കാതിരിക്കുകയാണെങ്കിൽ, ശക്തനായി കണക്കാക്കപ്പെടുന്നു. നിങ്ങളോട് കോപിക്കുന്നവരോട് കോപിക്കുന്നത് ഭീരുത്വമല്ലേ? മനുഷ്യന്റെ ആന്തരിക ശത്രുക്കളായ കോപം, അഹങ്കാരം, ആസക്തി, അഹങ്കാരം എന്നിവ ദൗർബ്ബല്യങ്ങളാണ് എന്ന് ഞാൻ പറയുന്നു. ശക്തനായ ഒരാൾ കോപിക്കേണ്ട ആവശ്യമെന്താണ്? എന്നിരുന്നാലും, ആളുകൾ, കോപം കൊണ്ട് മറ്റുള്ളവരെ നിയന്ത്രിക്കാൻ ശ്രമിക്കുന്നു. കോപം ആയുധമാക്കാത്ത ആളിൽ എന്തോ ഒന്നുണ്ട്. ആ എന്തോ ഒന്നാണ് ശീലം (അസാധാരണമായ സദാചാര സ്വഭാവം.) ഒരാളിലെ ശീലം മൃഗങ്ങളെപ്പോലും ശാന്തമാക്കും. സിംഹവും, കടുവയും ശത്രുക്കളും എല്ലാം അത്തരം ആൾക്ക് കീഴടങ്ങും.

## (4) കോപിക്കുന്നവൻ ദുർബ്ബലനാണ്

**ചോദ്യകർത്താവ്:** പക്ഷെ ദാദാ, ഒരാൾ നമ്മളോട് കോപിക്കുമ്പോൾ നമ്മൾ എന്തു ചെയ്യും?

**ദാദാശ്രീ:** അവർ ദേഷ്യപ്പെടും. അത് അവരുടെ നിയന്ത്രണത്തിലാണോ? അവരുടെ ആന്തരിക യന്ത്ര പ്രവർത്തനം അവരുടെ നിയന്ത്രണത്തിൽ അല്ല. അത് അവരുടെ നിയന്ത്രണത്തിൽ

ആയിരുന്നെങ്കിൽ, അവർ മെഷീൻ ആവശ്യത്തിലേറെ ചൂടാവാൻ അനുവദിക്കുമായിരുന്നില്ല. ഏറ്റവും ചെറിയ അളവിൽ പോലും കോപിക്കുന്നത് മൃഗം ആകുന്നതു പോലെയാണ്. ഒരാൾ മനുഷ്യനിൽ നിന്നും മൃഗമായിത്തീരുന്നു. അങ്ങനെ സംഭവിക്കാൻ മനുഷ്യർ അനുവദിക്കുകയില്ല. പക്ഷെ, അതവരുടെ നിയന്ത്രണത്തിലല്ലെങ്കിൽ അവരെന്തു ചെയ്യും?

ഈ ലോകത്തിൽ, ഒരു പ്രത്യേക സ്ഥലത്തോ സമയത്തോ, കോപിക്കാനൊരു കാരണവുമില്ല. കുട്ടികൾ അനുസരിക്കുന്നില്ല എങ്കിൽ പോലും ദേഷ്യപ്പെടുന്നതിന് ഒരു കാരണവുമില്ല. ഇവിടെ നിങ്ങൾ, സാഹചര്യങ്ങൾ ശാന്തമായി കൈകാര്യം ചെയ്യണം. കോപിക്കുന്നത് ഭയങ്കരമായ ദൗർബ്ബല്യമാണ്. കോപമാണ് ഏറ്റവും മോശമായ ദൗർബ്ബല്യം. ദേഷ്യപ്പെടുന്നവനോട് നിങ്ങൾക്ക് സഹാനുഭൂതി ഉണ്ടാവണം. അയാൾക്ക് ഇക്കാര്യത്തിൽ ഒരു നിയന്ത്രണവുമില്ല എന്ന് നിങ്ങൾ തിരിച്ചറിയണം. സ്വയം നിയന്ത്രണമില്ലാത്ത ആളോട് നിങ്ങൾക്ക് അനുകമ്പയുണ്ടാവണം.

കോപിക്കുക എന്നതിന് എന്താണർത്ഥം? അത് സ്വയം തീകൊടുത്ത് മറ്റുള്ളവരിലും തീ പിടിപ്പിക്കുന്നതുപോലെയാണ്. ഈ തീപ്പെട്ടിയുരച്ച്, അവൻ ആ ജ്വാലയിൽ കത്തുന്നു. പിന്നെ മറ്റെ ആളെയും നശിപ്പിക്കുന്നു. അതുകൊണ്ട് കോപിക്കുന്നത് ഒരാളുടെ നിയന്ത്രണത്തിലായിരുന്നെങ്കിൽ, ഒരാൾ കോപിക്കുകയില്ല. ആരാണ് പൊള്ളാൻ ഇഷ്ടപ്പെടുന്നത്? ഈ ലോകത്തിൽ കോപം അത്യാവശ്യമാണ് എന്ന് ആരെങ്കിലും എന്നോടു പറയുകയാണെങ്കിൽ, ഞാൻ പറയും കോപിക്കാൻ ഈ ലോകത്തിൽ ഒരിക്കലും ഒരു കാരണവുമില്ലെന്ന്. കോപം ദൗർബ്ബല്യമാണ്. അതുകൊണ്ടാണ് അത് പെട്ടന്ന് സംഭവിക്കുന്നത്. ഭഗവാൻ അതിനെ ദൗർബ്ബല്യമെന്ന് വിളിക്കുന്നു. ഒരു യഥാർത്ഥ മനുഷ്യൻ (ആത്മജ്ഞാനം നേടിയ ആൾ) അഹങ്കാരം, കോപം, ആർത്തി, ആസക്തി എന്നീ ദൗർബ്ബല്യങ്ങൾ ഇല്ലാത്തവനാണ് എന്ന് ഭഗവാൻ പറയുന്നു. നിങ്ങൾ ചുറ്റും കാണുന്ന ഈ മനുഷ്യർ ദുർബ്ബലരാണ്. അവർക്ക് അവരുടെ കോപത്തിനുമേൽ നിയന്ത്രണമില്ല.

അതെങ്ങനെ കൈകാര്യം ചെയ്യണമെന്നും അവർക്കറിയില്ല. കോപം, അഹങ്കാരം, ആസക്തി, ആർത്തി എന്നിവ വ്യക്തമായ ദൗർബ്ബല്യങ്ങളാണ്. ദേഷ്യം വരുമ്പോൾ നിങ്ങളുടെ ശരീരം വിറക്കുന്നത് നിങ്ങൾക്കനുഭവമല്ലെ?

**ചോദ്യകർത്താവ്:** ശരീരം പോലും പറയുകയാണ് കോപം നല്ലതല്ല എന്ന്.

**ദാദാശ്രീ:** അതെ. ശരീരം പോലും, വിറക്കുമ്പോൾ നമ്മോട് പറയുന്ന അത് തെറ്റാണെന്ന്. അതുകൊണ്ട് കോപം ഏറ്റവും വലിയ ദൗർബ്ബല്യമാണെന്ന് ഒരാൾ മനസ്സിലാക്കണം.

## (5) കോപമെന്ന ദൗർബ്ബല്യമില്ലാത്ത വ്യക്തിത്വം മറ്റുള്ളവരെ ആകർഷിക്കുന്നു

**ചോദ്യകർത്താവ്:** ഒരാൾ ഒരു കുട്ടിയെ അടിക്കുന്നതുകണ്ടാൽ, നാം അയാളോട് ദേഷ്യത്തിൽ ഒച്ചവെക്കേണ്ടി വരില്ലേ?

**ദാദാശ്രീ:** നിങ്ങൾ ദേഷ്യപ്പെട്ടാലും അയാൾ അടി നിർത്തുക ഇല്ല. നിങ്ങൾ എന്തിന് അയാളോട് ദ്വേഷ്യപ്പെടണം? അയാൾ നിങ്ങളേയും അടിച്ചേക്കും. അയാളോട് ശാന്തമായി സംസാരിക്കു. കോപം കൊണ്ട് പ്രതികരിക്കുന്നത് ദൗർബ്ബല്യം ആണെന്ന് അയാൾക്ക് വിശദീകരിച്ചു കൊടുക്കു.

**ചോദ്യകർത്താവ്:** അയാൾ കുട്ടിയെ അടിക്കുന്നത് തുടരാൻ നാം അനുവദിക്കണോ?

**ദാദാശ്രീ:** വേണ്ട. എന്നാൽ, നിങ്ങൾ അന്വേഷിക്കണം എന്താണ് കുട്ടിയെ തല്ലുന്നതെന്ന്. അയാൾക്ക് മനസ്സിലാക്കി കൊടുക്കാൻ ശ്രമിക്കു. നിങ്ങൾ അയാളോടു ദേഷ്യപ്പെട്ടാൽ, ആ ദേഷ്യം നിങ്ങളുടെ ദൗർബ്ബല്യം ആണ്. ഒന്നാമതായി

വേണ്ടത് നിങ്ങൾക്കകത്ത് ദൗർബ്ബല്യം ഇല്ലാതിരിക്കുകയാണ്. ദൗർബ്ബല്യങ്ങൾ ഒന്നും ഇല്ലാത്തവർക്ക് ആകർഷണീയമായ വ്യക്തിത്വം ഉണ്ടായിരിക്കും. അങ്ങനെ ഉള്ളവർ ഒരൊറ്റ വാക്കു പറഞ്ഞാൽ പോലും, എല്ലാവരും അത് ശ്രദ്ധിക്കും.

**ചോദ്യകർത്താവ്:** ഒരു പക്ഷെ, അവർ ശ്രദ്ധിച്ചില്ലെന്നു വരും.

**ദാദാശ്രീ:** അവർ നിങ്ങൾ പറയുന്നത് ശ്രദ്ധിക്കാത്തത് നിങ്ങൾ ദുർബ്ബലനും വ്യക്തിത്വമില്ലാത്തവനും ആയതുകൊണ്ടാണ്. ഒരു തരത്തിലുള്ള ദൗർബ്ബല്യവും ഉണ്ടാവാൻ പാടില്ല. ഒരാൾക്ക് നല്ല സ്വഭാവമുണ്ടാവണം. ഒരാൾക്ക് വ്യക്തിത്വമുണ്ടാവണം. കൊള്ളക്കാർ പോലും അത്തരം ആളുകളെ കണ്ടാലുടനെ ഓടിപ്പോവും. കോപിച്ചുനില്ക്കുന്ന ആളിൽ നിന്നും ആരും ഓടിപ്പോവില്ല. അതിനു പകരം അവർ അവനെ തല്ലുകപോലും ചെയ്തേക്കും. ലോകം മുഴുവനും ദുർബ്ബലരെ ആക്രമിക്കുന്നവരാണ്.

എപ്പോഴാണ് ഒരാൾക്ക് അത്തരമൊരു വ്യക്തിത്വം നേടിയെടുക്കാനാവുക? ഒരാൾ ആത്മാവുമായി ബന്ധപ്പെട്ട ആത്മീയ ശാസ്ത്രം മനസ്സിലാക്കുമ്പോൾ അയാൾക്ക് അത്തരമൊരു വ്യക്തിത്വം നേടിയെടുക്കാനാവുന്നു. ഈ ലോകത്തിൽ ആപേക്ഷികമായ അറിവ് മറന്നുപോകുന്നു. അതേ സമയം ആത്മാവിന്റെ ശാസ്ത്രം നിലനിൽക്കുന്നു.

## (6) ചൂടിനേക്കാൾ മാരകമാണ് ശൈത്യം

**ദാദാശ്രീ:** മഞ്ഞോ ശൈത്യക്കൊടുങ്കാറ്റോ വീശുമ്പോൾ, പുല്ലും മരങ്ങളും വിളവുകളും കരിഞ്ഞുപോകുന്ന തണുപ്പുണ്ടാകുന്നു. തണുപ്പാകുമ്പോൾ എല്ലാം കത്തുന്നത് എന്തുകൊണ്ടാണെന്നാണ് നിങ്ങൾ കരുതുന്നത്?

**ചോദ്യകർത്താവ്:** തീവ്രമായ തണുപ്പുകൊണ്ട് എല്ലാം കത്തുന്നു.

**ദാദാശ്രീ:** അതെ. അതുകൊണ്ട് നിങ്ങൾ ശാന്തമായും തണുത്തുമിരിക്കുമ്പോൾ നിങ്ങൾക്ക് കൂടുതൽ ഫലപ്രദനാവാൻ കഴിയും.

## (7) കോപം അവസാനിക്കുന്നിടത്ത് പ്രതാപം

**ചോദ്യകർത്താവ്:** പക്ഷെ ദാദാ, വളരെ ശാന്തനായിരിക്കുന്നത് ദൗർബ്ബല്യമല്ലെ?

**ദാദാശ്രീ:** നാം പരിമിതികൾക്കകത്ത് നിൽക്കണം. അതിനെയാണ് സ്വാഭാവികത എന്നു വിളിക്കുന്നത്. നോർമലിനു താഴെയായിരുന്നാൽ പനിയാണ്, നോർമലിനു മുകളിലായാലും പനിയാണ്. 98 ആണ് നോർമൽ. അതുകൊണ്ട് നോർമാലിറ്റി മാത്രമാണ് ആവശ്യം.

കോപിക്കുന്നവരേക്കാൾ, ആളുകൾ കോപിക്കാത്തവരെ ഭയപ്പെടുന്നു. എന്തുകൊണ്ടാണത്? കോപം നിലയ്ക്കുമ്പോൾ ഒരാൾക്ക് ആന്തരിക ശക്തി വർദ്ധിക്കുന്നു. ഇത് പ്രകൃതിനിയമമാണ്. അതല്ലെങ്കിൽ അത്തരം ആളുകളെ സംരക്ഷിക്കാൻ ആരുമുണ്ടാവില്ല. ആളുകൾ കോപത്തെ ഒരു തരം സംരക്ഷണമായാണ് ഉപയോഗിക്കുന്നത്. അജ്ഞതയിൽ (ആത്മാവിനെ അറിയാതെ ഇരിക്കുമ്പോൾ ) ഒരാളുടെ സംരക്ഷണം കോപത്തിലൂടെയാണ്.

## (8) പെട്ടന്ന് കോപിക്കുന്നവർ എപ്പോഴും പരാജയപ്പെടുന്നു

**ചോദ്യകർത്താവ്:** ആവശ്യത്തിന് ദേഷ്യവും കോപവും നല്ലതല്ലേ?

**ദാദാശ്രീ:** ആളുകൾ അതിനെ എന്താണ് വിളിക്കുക? പ്രകോപിതനാകുന്നത് വിഡ്ഢിത്തമാണ്.പ്രകോപനം ദൗർബ്ബല്യമായി കണക്കാക്കപ്പെടുന്നു. കുട്ടികളോട് അവരുടെ അച്ഛൻ എങ്ങനെ ഉള്ളവൻ ആണ് എന്നു ചോദിച്ചാൽ അവർ പറയും, അദ്ദേഹം വളരെ

ചപലനാണെന്ന്. അത് പിതാവിന്റെ ഹ്രമാന്യത കുറക്കില്ലേ?

വീട്ടിലാരെയാണ് നന്നായി ഇഷ്ടപ്പെടുന്നത് എന്ന് ഒരു കുട്ടിയോട് ചോദിച്ചാൽ അവൻ പറയും, അമ്മയെയാണ് കൂടുതൽ ഇഷ്ടം, കാരണം അമ്മ ദേഷ്യപ്പെടില്ലെന്ന്. അച്ഛൻ തീർച്ചയായും അവന്റെ ലിസ്റ്റിൽ ഏറ്റവും അവസാനമായിരിക്കും, കാരണം അച്ഛൻ എപ്പോഴും ദേഷ്യപ്പെടുന്നു. അച്ഛനാണ് അവന് ആവശ്യമായതെല്ലാം നൽകുന്നത് എന്ന് അവനെ ഓർമ്മിപ്പിച്ചാലും, അച്ഛനല്ല അവന് പ്രിയപ്പെട്ട ആൾ. കുട്ടി തലയാട്ടി വീണ്ടും ഇഷ്ടക്കുറവ് പ്രകടമാക്കുന്നു. ഇനി പറയൂ. നാം കഠിനമായി ജോലിചെയ്യുന്നു, പോറ്റുന്നു, ആവശ്യത്തിന് പണം കൊണ്ടു വന്നു കൊടുക്കുന്നു. എന്നിട്ടും നമ്മളാണ് ലിസ്റ്റിൽ അവസാനം.

## (9) കോപം അന്ധതയാണ്

**ചോദ്യകർത്താവ്:** ഒരാളുടെ കോപത്തിനു പുറകിലുള്ള പ്രധാന കാരണമെന്താണ്?

**ദാദാശ്രീ:** അവന് കാഴ്ച നഷ്ടപ്പെടുന്നു. ചുമർ കാണാൻ കഴിയില്ലെങ്കിൽ അതിൽ ചെന്നിടിക്കും. അതുപോലെ അയാൾക്ക് ഉള്ളിൽ നിന്നും കണ്ണു കാണുന്നില്ല. അതുകൊണ്ടാണ് കോപിക്കുന്നത്. തന്റെ മുന്നിൽ എന്തു കിടക്കുന്നു എന്ന് അറിയാതിരിക്കുമ്പോൾ, കോപം അയാളെ കീഴടക്കുന്നു.

## (10) ഉൾക്കാഴ്ച ഇല്ലാത്തിടത്ത് കോപമുണ്ടാകുന്നു

എപ്പോഴാണ് കോപം ഉണ്ടാകുന്നത്? കാഴ്ച (ദർശനം) മങ്ങി ഇരിക്കും പോഴും അറിവ് (ജ്ഞാനം) തടയപ്പെട്ട് ഇരിക്കും പോഴും കോപം ഉണ്ടാകുന്നു. അഹങ്കാരം ബാധിതൻ ആയിരിക്കുന്ന ആൾക്കും അതുതന്നെ സംഭവിക്കുന്നു.

**ചോദ്യകർത്താവ്:** ദയവായി ഒരു ഉദാഹരണ സഹിതം വിവരിച്ചു തരൂ.

**ദാദാശ്രീ:** ആളുകൾ നിങ്ങളോടു ചോദിക്കില്ലേ, നിങ്ങളെന്തിനാണ് കോപിക്കുന്നതെന്ന്? നിങ്ങളവരോടു പറയും, നിങ്ങൾക്ക് വ്യക്തമായി ചിന്തിക്കാൻ കഴിയാത്തതുകൊണ്ടാണെന്ന്. അതെ. ആളുകൾക്ക് ശരിയായി ചിന്തിക്കാൻകഴിയാത്തതു കൊണ്ടാണ് അവർ കോപിക്കുന്നത്. ചിന്തിക്കാൻ കഴിവുണ്ടെങ്കിൽ, ആളുകൾ കോപിക്കുമോ? കോപിക്കുമ്പോൾ നിങ്ങൾ എങ്ങനെ ആണ് ബഹുമാനിക്കപ്പെടുന്നത്? ആദ്യം തീപ്പൊരികൾ നിങ്ങളെ തീ പിടിപ്പിക്കുന്നു. പിന്നെ നിങ്ങൾ മറ്റുള്ളവരെയും കത്തിക്കുന്നു.

## (11) കോപത്തിന്റെ തീ ഒരാളെ സ്വയം കത്തിക്കുകയും പിന്നീട് മറ്റുള്ളവരേയും കത്തിക്കുകയും ചെയ്യുന്നു.

സ്വന്തം വീടിന് തീപ്പെട്ടി ഉരച്ച് തീ കൊടുക്കുന്നതു പോലെ ആണ് കോപം. വൈക്കോൽ നിറച്ച സ്വന്തം വീടിന് തീ കൊടുക്കൽ ആണ് കോപം. ആദ്യം സ്വന്തം വീട് കത്തുന്നു. പിന്നെ അയൽക്കാരന്റെ വീടും.

പാടത്ത് ഒരു വൈക്കോൽക്കൂണ്ടയിലേക്ക് ഒരൊറ്റ തീപ്പെട്ടിക്കൊള്ളി കത്തിച്ചെറിഞ്ഞാൽ എന്തു സംഭവിക്കും?

**ചോദ്യകർത്താവ്:** അത് കത്തും.

**ദാദാശ്രീ:** അതുപോലെത്തന്നെയാണ് കോപവും. രണ്ടു വർഷം കൊണ്ടു നേടിയതെല്ലാം, കോപിക്കുന്നതുകൊണ്ട് ഒരൊറ്റ നിമിഷംകൊണ്ട് അയാൾ നശിപ്പിച്ചു കളയും. കത്തുന്ന തീയാണ് കോപം. വ്യക്തി സ്വയം അറിയുകയില്ല അയാൾ എല്ലാം നശിപ്പിച്ചു എന്ന കാര്യം. കാരണം പുറമേക്ക് നഷ്ടം കാണാനാവില്ല. എന്നാൽ

ഉള്ളിൽ എല്ലാം നശിച്ചിരിക്കും. അടുത്ത ജന്മത്തിലേക്ക് അയാൾ സംഭരിച്ചതെല്ലാം നശിച്ചിരിക്കും. കൂടുതൽ ചിലവായാൽ എന്തു സംഭവിക്കും? മനുഷ്യനായി അയാൾ ഭക്ഷണം കഴിക്കുന്നു. എന്നാൽ അടുത്ത ജന്മത്തിൽ, മൃഗമായി അയാൾ പുല്ലു തിന്നേണ്ടി വരും.

ഈ ലോകത്തിൽ ആരും കോപത്തെ ജയിച്ചിട്ടില്ല. കോപത്തിന് രണ്ടു ഭാഗങ്ങൾ ഉണ്ട്. ഒരു ഭാഗം കലഹമുണ്ടാക്കുന്നു. മറ്റെ ഭാഗം അസ്വസ്ഥതയും. കലഹം മറ്റുള്ളവർക്ക് ദൃശ്യമാണ്. അസ്വസ്ഥത, ഉള്ളിൽ മറ്റുള്ളവർ അറിയാതെ സ്ഥിതി ചെയ്യുന്നു. കോപത്തെ അതി ജീവിച്ചു എന്നു അവകാശപ്പെടുമ്പോൾ, കോപത്തിന്റെ കലഹ ഭാഗമാണ് അയാൾ തരണം ചെയ്തിരിക്കുന്നത് എന്നാൽ, സത്യത്തിൽ, ഒരു ഭാഗം അമർത്തപ്പെട്ടിരിക്കുന്നതുകൊണ്ട് മറുഭാഗം വർദ്ധിക്കുന്നു. ഒരാൾ കോപം അതിജീവിച്ചു എന്നു പറയുമ്പോൾ, അയാളുടെ അഹങ്കാരം വർദ്ധിക്കുന്നു. സത്യത്തിൽ കോപം പൂർണ്ണമായും ജയിക്കപ്പെട്ടിട്ടില്ല. എന്നാൽ ഒരാൾക്ക് പറയാം ദൃശ്യമായ കോപത്തിന്റെ ഭാഗമായ കലഹത്തെ ജയിച്ചു എന്ന്.

## (12) പിണക്കം കോപമാണ്

ഒരാൾ കോപം കൊണ്ട് പിണക്കം കാണിക്കുന്നത് വാസ്തവത്തിൽ കോപം തന്നെയാണ്. ഉദാഹരണത്തിന് ഭാര്യയും ഭർത്താവും രാത്രി വല്ലാതെ വഴക്കു കൂടി, രാത്രി രണ്ടു പേരും ഉറങ്ങാനാവാതെ അസ്വസ്ഥരായി, രാത്രി മുഴുവൻ ഉറക്കമുളച്ചിരിക്കുന്നു. രാവിലെ ഭാര്യ ചായ നല്കുന്നത് ചായക്കപ്പ് മേശപ്പുറത്ത് ഇടിച്ചു കൊണ്ടാണ്. ഭർത്താവിനപ്പോൾ മനസ്സിലാവും അവൾ ഇപ്പോഴും പിണക്കത്തിലാണെന്ന്. ഇതിനെ കോപം എന്ന് വിളിക്കുന്നു. പിണക്കം എത്ര കാലം വേണമെങ്കിലും നീണ്ടു നിൽക്കാം. ചിലർക്ക് അത് ജീവിതകാലം മുഴുവനുമായിരിക്കും. അച്ഛന് മകന്റെ മുഖം കാണണ്ട. അതു പോലെ മകനും അച്ഛന്റെ മുഖം കണ്ടുകൂട. വികൃതമായ മുഖഭാവം കണ്ടാൽ വ്യക്തമായറിയാം ഒരാളുടെ പിണക്കം.

ഒരാൾ എന്നെ പതിനഞ്ചു വർഷം മുമ്പ് പരിഹസിച്ചിട്ട് ഉണ്ട് എന്നു ആയിരുന്നു എങ്കിൽ, ഇന്ന് ഞാനയാളെ വീണ്ടും കണ്ടു മുട്ടുമ്പോൾ, ആ നിമിഷം ഞാൻ പഴയതെല്ലാം ഓർക്കും. അങ്ങനെയുള്ളതുവരെ ആവാം പിണക്കം. അതാണ് തന്തു (കോപത്തിൽനിന്നുള്ള ചരട്). സാധാരണ ഗതിയിൽ ആളുകളുടെ പിണക്കം ഒരിക്കലും പോവില്ല. പേരെടുത്ത സന്യാസികളും മുനികളും വരെ പിണങ്ങും. നിങ്ങളവരുടെ ആധികാരികതയെ വെല്ലു വിളിച്ച് പ്രകോപിപ്പിച്ചാൽ, അവർ നിങ്ങളോട് ആഴ്ചകളോളം സംസാരിക്കില്ല. അതാണ് കോപത്തിന്റെ ചരട്.

## (13) കോപവും ക്രോധവും തമ്മിലുള്ള വ്യത്യാസം

**ചോദ്യകർത്താവ്:** ദാദാ, കോപവും ക്രോധവും തമ്മിലുള്ള വ്യത്യാസമെന്താണ്?

**ദാദാശ്രീ:** ക്രോധം ഇഗോയുമായി ബന്ധപ്പെട്ടതാണ്. കോപവും ഇഗോയുമായി കൂടിച്ചേരുമ്പോൾ ക്രോധമുണ്ടാകുന്നു. ഒരു പിതാവ് മക്കളോടു കോപിക്കുമ്പോൾ, അതിനെ ക്രോധമെന്നു പറയാനാവില്ല. കാരണം അത് ഇഗോയുമായി കൂടിച്ചേർന്നതല്ല. ക്രോധം ***പാപം*** ബന്ധിപ്പിക്കുന്നതാണ്. എന്നാൽ ഒരു പിതാവിന്റെ കോപം ***പുണ്യം*** ആണ് ബന്ധിപ്പിക്കുന്നത്. കാരണം അയാൾ കുട്ടികളുടെ നന്മയാണ് ചിന്തക്കുന്നത്. ക്രോധത്തോട് ഒപ്പം ഇഗോയും ഉണ്ടായിരിക്കും. നിങ്ങൾക്ക് കോപം വരുമ്പോൾ, നിങ്ങൾക്ക് ഉള്ളിൽ നിന്നും മോശമായ അനുഭവം ഉണ്ടാകാറുണ്ടോ?

രണ്ടു തരത്തിലുള്ള ക്രോധവും മാനവും മായയും ലോഭവുമുണ്ട്. (*anger, pride, attachment and greed*).

ഒരു വീഭാഗത്തിലുള്ളതിനെ നിങ്ങൾക്ക് മാറ്റാനാവും (*നിവാര്യം*). ആരോടെങ്കിലും നിങ്ങൾക്ക് അകത്തു നിന്നും ക്രോധമുണ്ടായാൽ, നിങ്ങൾ ആ ക്രോധത്തെ മാറ്റി അതിനെ

ശാന്തമാകുന്നു. ഒരാൾക്ക് ഈ തലത്തിലെത്താൻ കഴിഞ്ഞാൽ, അയാളുടെ ലോക വ്യവഹാരം വളരെ ഹൃദ്യമായിരിക്കും.

രണ്ടാമത്തെ വിഭാഗത്തിലുള്ള ക്രോധം മാറ്റാനാവാത്തതാണ് (*അനിവാര്യം*). ഒരാൾ പരമാവധി ശ്രമിക്കുന്നു. പക്ഷെ ഉള്ളിലെപ്പോഴും പൊട്ടിത്തെറി നില നിൽക്കുന്നു. അത്തരം കോപം അനിവാര്യമാണ്. ആ ക്രോധം അയാളെയും മറ്റുള്ളവരേയും മുറിവേൽപ്പിക്കുന്നു.

സാധുക്കൾക്കും സന്യാസിമാർക്കും, ഒരു പരിധി വരെ കോപം, ദൈവം അനുവദിച്ചിട്ടുണ്ട്. അതവരുടെ സ്വഭാവ വൈശിഷ്ട്യം നില നിർത്താനാണ്. അത് ആരേയും വേദനിപ്പിക്കരുത് എന്നു മാത്രം. 'എന്റെ കോപം എന്നെ മാത്രമെ വേദനിപ്പിക്കുകയുള്ളു, വേറെ ആരെയുമില്ല'. അത്രയും കോപം അനുവദനീയമാണ്.

## (14) അറിയുന്നവനെ തിരിച്ചറിയുക

**ചോദ്യകർത്താവ്:** ഞങ്ങൾക്കെല്ലാമറിയാം, കോപം ചീത്തയാണെന്ന്,... എന്നിരുന്നാലും...

**ദാദാശ്രീ:** അതിങ്ങനെയാണ് : കോപിക്കുന്നവൻ, കോപത്തെ അറിയുന്നില്ല. ആർത്തിയുള്ളവൻ, തന്റെ ആർത്തി അറിയുന്നില്ല. അഹങ്കാരമുള്ളവൻ, തന്റെ അഹങ്കാരമറിയുന്നില്ല. എന്നാൽ 'അറിയുന്നവൻ' ഈ ദൗർബ്ബല്യങ്ങളിൽ നിന്നെല്ലാം വേറിട്ടു നിൽക്കുന്നു. ഈ ആളുകൾക്കെല്ലാം തോന്നുന്ന അവർ ഈ ദൗർബ്ബല്യങ്ങളെല്ലാം അറിയുന്നുണ്ടെങ്കിലും എന്തുകൊണ്ടാണ് ഈ ദൗർബ്ബല്യങ്ങളെല്ലാം പിന്നെയും നിലനിൽക്കുന്നത് എന്ന്. ഇപ്പോൾ, ആരാണ് 'ഞാൻ അറിയുന്നു' എന്നു പറയുന്നത്? അവർക്ക് ഈ ചോദ്യത്തിന്റെ ഉത്തരം അറിയില്ല. അവർക്കറിയില്ല ആരാണ് 'അറിയുന്നവൻ' എന്ന്. ഇതാണ് ഒരാൾ കണ്ടെത്തേണ്ടത്. ഒരാൾക്ക് 'അറിയുന്നവനെ' കണ്ടെത്താൻ ആയാൽ, എല്ലാ ദൗർബ്ബല്യങ്ങളും

ഇല്ലാതാകും. എല്ലാ ദൗർബ്ബല്യങ്ങളും ഇല്ലാതായാൽ മാത്രമെ അതിനെ ശരിയായ അറിവ് എന്ന് പറയാനാവൂ.

## (15) യഥാർത്ഥ പരിഹാരം ഒരു വട്ടമെങ്കിലും അറിയൂ

**ചോദ്യകർത്താവ്:** കോപിക്കുന്നത് തെറ്റാണെന്നറിഞ്ഞാലും ഞാൻ കോപിക്കുന്നു. എന്താണ് പരിഹാരം?

**ദാദാശ്രീ:** അതറിയുന്ന ആളാരാണ്? യഥാർത്ഥ അറിവ് ഒരു വട്ടമുണ്ടായാൽ പിന്നെ കോപമുണ്ടാവില്ല. എന്നാൽ നിങ്ങൾ കോപിക്കുന്നതുകൊണ്ട്, നിങ്ങൾക്കറിയില്ല എന്നാണർത്ഥം. നിങ്ങൾക്കറിയാം എന്നു പറയുന്നതിൽ നിങ്ങളുടെ ഇഗോ ഉണ്ട്.

**ചോദ്യകർത്താവ്:** കോപിച്ചതിനു ശേഷം, ഞാൻ കോപിക്കാൻ പാടില്ലായിരുന്നു എന്ന് ഞാൻ തിരിച്ചറിയുന്നു.

**ദാദാശ്രീ:** എന്നാൽ ആരാണ് അറിയുന്ന ആൾ എന്നറിഞ്ഞാൽ പിന്നെ കോപമുണ്ടാവില്ല. ഒരേ പോലെയുള്ള രണ്ടു കുപ്പികൾ അടുത്തടുത്ത് ഇരിക്കുന്നുണ്ട് എന്നു കരുതുക. ഒന്നിൽ മരുന്നും മറ്റേതിൽ വിഷവുമാണ് ഉള്ളത് എന്ന് പറഞ്ഞിരിക്കുന്നു. നിങ്ങൾ അതിലൊന്നിനെ മറ്റൊന്നായി തെറ്റിദ്ധരിച്ചാൽ നിങ്ങൾക്കറിയില്ല എന്നു പറയാം. നിങ്ങൾ ഒന്നിനെ മറ്റൊന്നായി കരുതുന്നില്ലെങ്കിൽ, നിങ്ങൾക്കറിയാം എന്നു പറയാനാവും. ഇക്കാര്യം കോപത്തിന്റെ കാര്യത്തിലും പ്രയോഗിക്കാവുന്നതാണ്. നിങ്ങൾ കോപിക്കുന്നതിന്റെ കാരണം നിങ്ങൾക്കറിയില്ല എന്നതാണ്. നിങ്ങൾക്കറിയാം എന്നു പറയുന്നത്, നിങ്ങൾ വെറുതെ ഇഗോയും കൊണ്ടു നടക്കുന്നതാണ്. ഇരുട്ടത്ത് നിങ്ങൾ വസ്തുക്കളിൽ ചെന്നിടിച്ചു എന്നു വരാം. എന്നാൽ വെളിച്ചം ഉണ്ടെങ്കിൽ,നിങ്ങൾക്ക് വ്യക്തമായി കാണാം. അതുകൊണ്ട് അപകടങ്ങളുണ്ടാവില്ല. ഇരുട്ടിനെ പ്രകാശമായി തെറ്റിദ്ധരിക്കുന്നത് നമ്മുടെ തന്നെ തെറ്റാണ്. അതുകൊണ്ട് എന്നോടൊപ്പം സത്സംഗത്തിൽ വന്നിരുന്ന് യഥാർത്ഥ

അറിവ് നേടു. അപ്പോൾ മാത്രമെ കോപവും, അഹങ്കാരവും, ആസക്തിയും, ആർത്തിയും വിട്ടു പോവുകയുള്ളു.

**ചോദ്യകർത്താവ്:** പക്ഷെ, എല്ലാവരും കോപിക്കുന്നുണ്ട്.

**ദാദാശ്രീ:** ഇയാളോടു ചോദിക്കു. ഇദ്ദേഹം ഇല്ലെന്നു പറയുന്നു.

**ചോദ്യകർത്താവ്:** സത്സംഗത്തിനു വന്നതിനു ശേഷം കോപമുണ്ടാവുന്നില്ല.

**ദാദാശ്രീ:** എന്തു മരുന്നാണ് അദ്ദേഹം കഴിച്ചതെന്നാണ് നിങ്ങൾ കരുതുന്നത്? അത് കോപത്തിന്റെ മൂലകാരണം നീക്കം ചെയ്യുന്ന മരുന്നാണ്.

## (16) ശരിയായ തിരിച്ചറിവിലൂടെ മാത്രം

**ചോദ്യകർത്താവ്:** എന്നോട് അടുത്തുള്ളവരോട് ഞാൻ കോപിക്കുന്നു. മററ ആൾ അയാളുടെ കാഴ്ചപ്പാട് അനുസരിച്ച് ശരിയായിരിക്കാം. പക്ഷെ എന്റെ കാഴ്ചപ്പാട് അനുസരിച്ച് ഞാൻ കോപിക്കുന്നു. എന്താണ് എന്റെ കോപത്തിനു കാരണം?

**ദാദാശ്രീ:** നിങ്ങൾ ഒരു വഴിയിലൂടെ നടന്നു പോകുമ്പോൾ, ഒരു കല്ല് ഒരു ബിൽഡിങ്ങിൽ നിന്നും വീണ് തലക്ക് മുറിവു പറ്റിയാൽ, നിങ്ങൾ കോപിക്കുമോ?

**ചോദ്യകർത്താവ്:** ഇല്ല. കാരണം അത് സ്വാഭാവികമായി സംഭവിച്ചതാണ്.

**ദാദാശ്രീ:** പക്ഷെ എന്തു കൊണ്ടാണ് ഈ സാഹചര്യത്തിൽ നിങ്ങൾ കോപിക്കാത്തത്? കാരണം നിങ്ങൾ ആ സമയത്ത് അവിടെ ആരേയും കാണുന്നില്ല. ആരോടാണ് നിങ്ങൾ

കോപിക്കുക?

**ചോദ്യകർത്താവ്:** പക്ഷെ, ആരും കല്ലെറിഞ്ഞിട്ടില്ല.

**ദാദാശ്രീ:** നിങ്ങൾ ഇപ്പോൾ പുറത്തുപോകുമ്പോൾ ഒരു ചെറിയ കുട്ടി കല്ലെറിയുകയാണെങ്കിൽ, നിങ്ങൾ അവനോട് കോപിക്കും. എന്തുകൊണ്ട്? കാരണം നിങ്ങൾ വിശ്വസിക്കുന്നു ആ കുട്ടിയാണ് കല്ലെറിഞ്ഞതെന്ന്. എന്നാൽ ഒരു കുന്നിൽചെരിവിൽ നിന്നും ഒരു കല്ല് ഉരുണ്ടു വന്ന് നിങ്ങളുടെ മേൽ വീണാൽ, നിങ്ങൾ ചുറ്റും നോക്കും. നിങ്ങൾക്ക് ദേഷ്യം വരില്ല.

നിങ്ങൾ കോപിക്കുന്നത് ഒരു വ്യക്തിയാണ് ഉത്തരവാദി എന്നു തോന്നുമ്പോഴാണ്. ഒരാൾക്കും അറിഞ്ഞുകൊണ്ട് മറ്റൊരാളെ വേദനിപ്പിക്കാനാവില്ല. ഒരു കുട്ടി നിങ്ങളെ കല്ലെറിഞ്ഞാലും, കുന്നിൻമുകളിൽനിന്നും ഒരു കല്ല് നിങ്ങളുടെ മേൽ വന്നു വീണാലും, അടിസ്ഥാനത്തിൽ രണ്ടും ഒന്നുതന്നെയാണ്. എന്നാൽ ആരോ ഒരാൾ ഉത്തരവാദിയാണ് എന്നു നിങ്ങൾ ചിന്തിക്കുന്നത് ഒരു മിഥ്യബോധം മൂലമാണ്. ഈ ലോകത്തിൽ ഒരാൾക്കും തന്റെ കുടലിന്റെ ചലനങ്ങൾ പോലുംനിയന്ത്രിക്കാനുള്ള സ്വതന്ത്രമായ കഴിവില്ല.

നമുക്ക് കോപത്തിനു മേൽ നിയന്ത്രണമുണ്ട്. കുന്നിൻ ചെരിവിൽ നിന്നും വീണ കല്ല് ആരും നമ്മെ എറിഞ്ഞതല്ല എന്ന് തിരിച്ചറിയുമ്പോൾ, നമുക്ക് ദ്വേഷ്യം വരുന്നില്ല. അതുകൊണ്ട് "കോപം എന്നെ കീഴടക്കുന്നു" എന്ന് നിങ്ങൾ പറയുന്നത് ശരിയല്ല. കോപം നിങ്ങളെ കീഴടക്കുകയാണെങ്കിൽ രണ്ടാമത്തെ സാഹചര്യത്തിൽ ആദ്യത്തെ പോലെ നിങ്ങൾ പ്രതികരിക്കാത്തത് എന്തു കൊണ്ടാണ്? ഒരു പോലീസുകാരൻ നിങ്ങളോട് കടന്നുപോകാൻ പറയുമ്പോൾ നിങ്ങളെന്തുകൊണ്ട് കോപിക്കുന്നില്ല? പക്ഷെ നിങ്ങൾ ഭാര്യയോടും, കുട്ടികളോടും, അയൽക്കാരോടും, നിങ്ങളുടെ കീഴിൽ ജോലി ചെയ്യുന്നവരോടും കോപിക്കുന്നു. എന്നാൽ

എന്തുകൊണ്ടാണ് നിങ്ങൾ നിങ്ങളുടെ യജമാനനോട് കോപിക്കാത്തത്? കോപം ആളുകളിൽ വെറുതെ വന്നു സംഭവിക്കുന്നതല്ല. ആളുകൾ വേണമെന്നുവെച്ച് തന്നെയാണ് കോപിക്കുന്നത്.

**ചോദ്യകർത്താവ്:** എങ്ങനെയാണ് ഒരാൾ അത് നിയന്ത്രിക്കുക?

**ദാദാശ്രീ:** നിയന്ത്രണം അവിടെയുണ്ട്. നിങ്ങൾക്കു നേരെ കല്ലെറിയുന്ന ആൾ വെറും നിമിത്തം മാത്രമാണ് എന്ന് തിരിച്ചറിയുക. നിങ്ങളുടെ കഴിഞ്ഞ ജന്മത്തിന്റെ കർമ്മങ്ങളുടെ ഫലം മാത്രമാണ് അയാൾ നിങ്ങൾക്ക് കൊണ്ടുവരുന്നത്. കുന്നിൻ മുകളിൽ നിന്നും ഒരു കല്ല് വീഴുന്നതു കണ്ടാൽ നിങ്ങൾക്ക് കോപമുണ്ടാകുന്നില്ല. അതേ പോലെ, ഇവിടേയും നിങ്ങൾ നിയന്ത്രണം കണ്ടെത്തണം. കാരണം എല്ലാം വെറും കുന്നു പോലെ തന്നെയാണ്.

ഒരു കാർ നിങ്ങൾക്കു നേരെ പാഞ്ഞു വന്നാൽ, നിങ്ങൾ കോപിക്കുമോ, അതോ വഴിയിൽ നിന്നും മാറുമോ? നിങ്ങൾ കാറിനെ ഇടിക്കുമോ? അനന്തര ഫലങ്ങൾ നിങ്ങൾക്ക് ബോധ്യം ഉണ്ട് . എന്നാൽ നിങ്ങൾ കോപിക്കുമ്പോൾ, ആന്തരികമായി ഉണ്ടാകുന്ന നാശം വളരെ അധികമാണ്. ബാഹ്യമായ നാശം നിങ്ങൾക്ക് വ്യക്തമാണ്. എന്നാൽ ആന്തരികമായ നാശത്തെ കുറിച്ച് നിങ്ങൾ ബോധവാനല്ല. ഇതു മാത്രമാണ് വ്യത്യാസം.

## (17) കാരണങ്ങൾ മാറുമ്പോൾ ഫലങ്ങളും മാറുന്നു

ആരോ എന്നോടു ചോദിച്ചു, അനന്ത ജന്മങ്ങളായി ശ്രമിച്ചിട്ടും മനുഷ്യർക്ക് കോപം നശിപ്പിക്കുന്നതിൽ വിജയം കണ്ടെത്താൻ കഴിയാത്തതെന്തുകൊണ്ടാണെന്ന്. ഞാൻ പറഞ്ഞു, ഒരു പക്ഷെ യഥാർത്ഥ പരിഹാരം കണ്ടെത്താൻ കഴിയാത്തതുകൊണ്ടാവാമെന്ന്. അദ്ദേഹം പറഞ്ഞു, വേദങ്ങളിൽ പറഞ്ഞിരിക്കുന്ന പരിഹാരങ്ങൾ അയാൾ പിന്തുടരുന്നുണ്ടെങ്കിലും, അതുകൊണ്ടൊന്നും കോപം ഇല്ലായ്മ ചെയ്യാനാവുന്നില്ലെന്ന്. ഞാൻ പറഞ്ഞു, പരിഹാരം കൃത്യവും

തെറ്റ് ഇല്ലാത്തതും ആവണമെന്ന്. കോപം ഇല്ലാതെ ആക്കാൻ ഒരു പരിഹാരം തേടുന്നത് വിഡ്ഢിത്തമാണ്. കാരണം കോപം ഒരു ഫലമാണ്. അത് ഒരു പരീക്ഷയുടെ ഫലം പോലെ തന്നെയാണ്. ഫലം ഒരിക്കലും മാറ്റാനാവില്ല. കാരണമാണ് ഒരാൾ മാറ്റേണ്ടത്.

ആളുകൾ കോപത്തെ അടക്കാൻ ശ്രമിക്കുന്നു. പക്ഷെ അത് വ്യർത്ഥമാണ്. അങ്ങനെ ചെയ്യുന്നതുകൊണ്ട് ചിലപ്പോൾ ഒരാൾക്ക് ഭ്രാന്തു തന്നെ വന്നേക്കാം. അതിനും പുറമെ, കോപം ഒരാൾക്ക് ഇല്ലായ്മ ചെയ്യാനാവാത്തതാണ്. ഒരളവു വരെ കോപത്തെ അടക്കുന്നതിൽ വിജയിച്ചു എന്ന് ഒരാൾ എന്നോടു പറഞ്ഞു. പക്ഷെ അത് അടക്കി എന്ന് പറയാനാവില്ല. കാരണം അത് ഉള്ളിൽ തന്നെ ഇരിക്കുകയാണ്. അയാൾ അപ്പോൾ എന്നോട് ഒരു പരിഹാരം ചോദിച്ചു. അയാളെ കോപിപ്പിച്ച സാഹചര്യങ്ങളും ആളുകളും ഏതൊക്കെയാണ് എന്ന് ചിന്തിക്കാൻ ഞാൻ അയാളോടു പറഞ്ഞു. അതുപോലെ കോപിപ്പിക്കാത്ത സാഹചര്യങ്ങളും ആളുകളും. അതുപോലെ, ഒരാൾ തെറ്റു ചെയ്താലും അയാൾക്ക് കോപം വരാത്ത സാഹചര്യങ്ങളും. അപരൻ ശരിയായതു ചെയ്താലും നാം കോപിക്കുന്ന സാഹചര്യങ്ങളുമുണ്ട്. എന്താണ് ഇതിനു പിന്നിലുള്ള കാരണം?

**ചോദ്യകർത്താവ്:** അയാളോട് നമ്മുടെ മനസ്സിൽ ഒരു *ഗ്രന്ഥി* (അഭിപ്രായങ്ങളുടെ ഒരു കെട്ട്) രൂപപ്പെടുന്നതുകൊണ്ടാണോ അത്?

**ദാദാശ്രീ:** അതെ. സങ്കീർണ്ണമായ അഭിപ്രായങ്ങൾ രൂപപ്പെടുന്നു. ആ സങ്കീർണ്ണമായ കെട്ട് അഴിക്കാൻ ഒരാൾ എന്താണ് ചെയ്യേണ്ടത്? പരീക്ഷ എഴുതിക്കഴിഞ്ഞു. നിങ്ങൾ എത്ര പ്രാവശ്യം കോപിക്കാൻ ഉദ്ദേശിക്കപ്പെട്ടിട്ടുണ്ടോ അത്രയും വട്ടം നിങ്ങൾ അയാളോടു കോപിക്കും. പക്ഷെ ഇപ്പോൾ മുതൽ നിങ്ങൾ എന്തു ചെയ്യണം? നിങ്ങൾ, കോപിച്ചുകൊണ്ടിരിക്കുന്ന ആളോട് മുൻവിധി ഉള്ളവനാവാൻ ഇനി മുതൽ, സ്വയം അനുവദിക്കരുത്. നിങ്ങൾ അയാളോടുള്ള അഭിപ്രായം മാറ്റണം. നിങ്ങളുടെ *പ്രാരാബ്ധം* ആണ് (വിധി, മുൻ ജന്മകർമ്മം, തലയിലെഴുത്ത്) അയാൾ നിങ്ങളോട്

അങ്ങനെ പെരുമാറാൻ ഇടയാക്കുന്നത്. അയാൾ ചെയ്യുന്നതെല്ലാം നിങ്ങളുടെ സ്വന്തം കർമ്മത്തിന്റെ ഫലമാണ്. ഇങ്ങനെയാണ് നിങ്ങൾ അയാളോടുള്ള അഭിപ്രായം മാറ്റേണ്ടത്. നിങ്ങൾ അയാളോടുള്ള അഭിപ്രായം മാറ്റിയാൽ, പിന്നെ നിങ്ങൾക്ക് അയാളോട് കോപം ഉണ്ടാവുകയില്ല. കുറച്ചു കാലം കഴിഞ്ഞ ജന്മത്തിൽ നിന്നുള്ള ഫലം നിലനിൽക്കും. ആ പ്രതികരണം വരും, ഫലം നല്കും. പിന്നീട് പൂർണ്ണമായും അവസാനിക്കും.

ഇത് വളരെ സൂക്ഷ്മമായ കാര്യമാണ്. അത് ആളുകൾക്ക് കണ്ടു പിടിക്കാൻ കഴിഞ്ഞിട്ടില്ല. എല്ലാറ്റിനും ഒരു പരിഹാരമുണ്ട്. ലോകം ഒരിക്കലും പരിഹാരം ഇല്ലാത്തത് ആയിരിക്കുകയില്ല. ജനങ്ങൾ ഫലങ്ങളെ മാത്രമാണ് നശിപ്പിക്കാൻ ശ്രമിക്കുന്നത്. കോപം, അഹങ്കാരം, ആസക്തി, ആർത്തി എന്നിവക്കുള്ള പരിഹാരം അവയുടെ കാരണങ്ങളെ നശിപ്പിക്കുക എന്നതാണ്. ഫലങ്ങളെ വെറുതെ വിടണം. അടിസ്ഥാന കാരണങ്ങൾ അറിയാതെ പരിഹാരം കാണുന്നതെങ്ങനെയാണ്?

**ചോദ്യകർത്താവ്:** എങ്ങനെ കാരണങ്ങളെ നശിപ്പിക്കാമെന്ന് ദയവായി ഒന്നുകൂടി വിശദീകരിച്ചുതരു.

**ദാദാശ്രീ:** ഈ ആളോടു ഞാൻ കോപിച്ചാൽ, മുമ്പ് ഞാൻ കരുതുമായിരുന്നു, അയാൾ ചെയ്ത തെറ്റു കണ്ടിട്ടാണ് എന്റെ കോപമെന്ന്. എന്നാലിപ്പോൾ, അയാളെന്തു തെറ്റു ചെയ്താലും അതെന്റെ മനസ്സിനെ ബാധിക്കാൻ ഞാനനുവദിക്കുകയില്ല. അതുകൊണ്ട് അവനോടുള്ള കോപം ശാന്തമാവുന്നു. പഴയ കർമ്മത്തിന്റെ ഫലമായി അല്പം വീണ്ടും വന്നു എന്നു വരാം. പക്ഷെ ഭാവിയിൽ അതുണ്ടാവില്ല.

**ചോദ്യകർത്താവ്:** മറ്റുള്ളവരുടെ തെറ്റു കാണുമ്പോളാണോ കോപം വളർന്നു വരുന്നത്?

**ദാദാശ്രീ:** അതെ. തെറ്റുകൾ കാണുമ്പോൾ തന്നെ, നിങ്ങൾക്ക്

ബോധമുണ്ടാവണം തെറ്റുകൾ കാണുന്നത് തെറ്റാണ്, അത് വെറും ഫലം മാത്രമാണ് എന്ന്. മറ്റുള്ളവരിൽ തെറ്റു കാണുന്ന സ്വഭാവം നിലയ്ക്കുമ്പോൾ, കോപം അവസാനിക്കും.

## (18) കോപത്തിന്റെ വേരുകളിൽ ഈഗോ

ചിലർ ചോദിക്കുന്നു എങ്ങനെയാണ് കോപത്തെ ഒഴിവാക്കുക എന്ന്. അവർ പറയുന്നു അവരത് അടക്കാനാണ് ശ്രമിക്കുന്നതെന്ന്. ഞാനവരോട് ചോദിക്കുന്നു, അവരത് അടക്കാൻ ശ്രമിക്കുന്നത് അത് അറിഞ്ഞതിനു ശേഷമാണോ അതോ അതിനു മുമ്പാണോ എന്നാണ്. ഞാനവരോട് പറയുന്നു, അവരാദ്യം കോപത്തെ അറിയണമെന്ന്, കാരണം കോപവും സമാധാനവും അടുത്തടുത്ത് ഒരുമിച്ച് നിലനിൽക്കുന്നു. ഒരാൾ കോപത്തെ മനസ്സിലാക്കുന്നതിൽ പരാജയപ്പെട്ട് അതിനെ അടക്കാൻ ശ്രമിക്കുമ്പോൾ, അയാൾ കോപത്തിനു പകരം സമാധാനത്തെയാവാം അടക്കുന്നത്. അപ്പോൾ സമാധാനം മരണപ്പെടും. അതുകൊണ്ട് അത് ഒരാൾക്ക് അടക്കാനാവാത്ത ഒന്നാണ്. കോപം ഈഗോആണെന്ന് ഒരാൾ മനസ്സിലാക്കേണ്ടതുണ്ട്. കോപത്തിനു കാരണമായ ഈഗോയെ അപഗ്രഥിച്ചുനോക്കുക.

ഈ കുട്ടി വിലമതിപ്പുള്ള എന്തെങ്കിലും പൊട്ടിച്ചാൽ, നാം കോപിക്കുകയാണെങ്കിൽ, ഏതു തരം ഈഗോ ആണത്? പൊട്ടൽ മൂലം നമുക്ക് നഷ്ടമുണ്ടായി എന്നു പറയുന്ന ഈഗോ ആണത്. ഇവിടെ ഈഗോ ലാഭനഷ്ടങ്ങളുടേതാണ്. ഇത്തരത്തിൽ ഉള്ള ഈഗോ എങ്ങനെ നശിപ്പിക്കാൻ ആവുമെന്ന് നാം ആലോചിക്കണം. ഇല്ലെങ്കിൽ, ഈ ഈഗോ നില നിർത്തുക ആണെങ്കിൽ, കോപം തുടർന്നു കൊണ്ടിരിക്കും. കോപവും ആർത്തിയും അതിന്റെ കേന്ദ്രത്തിൽ വാസ്തവത്തിൽ ഈഗോ മാത്രമാണ്.

## (19) ഏത് തിരിച്ചറിവിലൂടെയാണ് ഒരാൾ കോപത്തെ ശാന്തമാക്കേണ്ടത്?

കോപം സ്വയം ഈഗോയാണ്. എന്തുകൊണ്ടാണ് ഇതങ്ങനെ എന്ന് ഒരാൾ പരിശോധിക്കണം. ഒരിക്കൽ പരിശോധിച്ചാൽ നമുക്കത് മനസ്സിലാക്കാനാവും. എന്തെങ്കിലും പൊട്ടിയാൽ നാം കോപിക്കുകയാണെങ്കിൽ, നാം സ്വയം ചോദിക്കണം എന്തു കൊണ്ടാണ് കോപം ഉണ്ടാകുന്നതെന്ന്. പൊട്ടൽ നഷ്ടമുണ്ടാക്കുന്നു എന്നാവും ഉത്തരം. നഷ്ടം കാരണമാണ് കോപം തോന്നുന്നത്. നാം ആഴത്തിൽ ഈഗോയെ കുറിച്ചും കോപത്തെ കുറിച്ചും ചിന്തിക്കുക ആണെങ്കിൽ, ആ ചിന്തയുടെ പ്രക്രിയ തന്നെ ഈഗോയെ കഴുകിക്കളയും. ഒഴിച്ചു കൂടാൻ ആവാത്ത സാഹചര്യങ്ങൾ ഉണ്ട്. കുടുംബത്തലവൻ വസ്തുക്കൾ പൊട്ടിക്കുന്നതിന് വേലക്കാരനെ വഴക്കു പറയും. എന്നാൽ മരു മകന് ആണ് അത് ചെയ്യുന്നത് എങ്കിൽ അയാൾ മൗനി ആയിരിക്കും. പ്രധാന പെട്ടവർ ആയി കണക്കാക്ക പ്പെടുന്ന ആളുകളുടെ കാര്യത്തിൽ അയാൾ മൗനം അവലംബിക്കും. താഴെയുള്ളവന് എന്നു കരുതുന്ന വേലക്കാരനു നേരെ അയാൾ ഒച്ച വെക്കും. ഇത് ഈഗോയിസം ആണ്. മേല് ഉദ്യോഗസ്ഥരുടെ മുന്നിൽ ആളുകൾ നിശ്ശബ്ദര് ആയിരിക്കില്ലേ? ദാദായാണ് എന്തെങ്കിലും പൊട്ടിക്കുന്നതെങ്കിൽ, ഒരൊറ്റ ചിന്ത പോലും അവരുടെ മനസ്സുകളെ ക്ലേശിപ്പിക്കുകയില്ല. എന്നാൽ വേലക്കാരനാണ് അതു ചെയ്യുന്നതെങ്കിലോ, എന്താവും അവസ്ഥ? ബുദ്ധികൊണ്ടെങ്കിലും ആളുകൾ മനസ്സിലാക്കിയിരുന്നെങ്കിൽ, അത് മതിയായേനെ! ബുദ്ധി വളർന്ന് തിരിച്ചറിവ് നേടിയിരുന്നെങ്കിൽ, ഒരു തർക്കവും ഉണ്ടാകും ആയിരുന്നില്ല. വഴക്കു കൊണ്ട് നശിച്ചതിനെ തിരിച്ചു കൊണ്ടു വരാനാവുമോ? അത് ഒരാൾക്ക് അല്പം സംതൃപ്തി മാത്രം നല്കുന്നു. അതിലുപരി അതിൽ കലഹവും മാനസിക സമ്മർദ്ദവുമാണ് ഉള്ളത്.

മുകളിൽ പറഞ്ഞ സാഹചര്യത്തിൽ ഒരാൾക്ക് കപ്പു പൊട്ടിയ നഷ്ടം മാത്രമല്ല, ആന്തരികമായ അസ്വസ്ഥതകൊണ്ടുള്ള നഷ്ടവും സൃഷ്ടിക്കപ്പെട്ടു. മൂന്നാമതായി വേലക്കാരനോട് ശത്രുത സൃഷ്ടിക്കപ്പെട്ടു എന്ന നഷ്ടവുമുണ്ടായി. വേലക്കാരൻ വിചാരിക്കും താൻ പാവമായതുകൊണ്ടാണ് തന്നോട് മോശമായി പെരുമാറിയതെന്ന്. അവൻ ശത്രുത നിലനിർത്തുകയും അടുത്ത ജന്മത്തിലേക്ക് പ്രതികാര

കർമ്മം ബന്ധിപ്പിക്കുകയും ചെയ്യും. ഭഗവാൻ പറഞ്ഞിരിക്കുന്ന ആരും ആരോടും പ്രതികാരം ബന്ധിപ്പിക്കരുതെന്ന്. സാധ്യമാണെങ്കിൽ പ്രേമം ബന്ധിക്കു, ശത്രുത ബന്ധിക്കരുത്. പ്രേമം ബന്ധിപ്പിക്കുകയാണെങ്കിൽ ആ പ്രേമം തന്നെ ശത്രുതയെ നശിപ്പിക്കും. പ്രേമം വെറുപ്പിനെ തരണം ചെയ്യുന്നു. പ്രതികാരം പ്രതികാരത്തെ ഉല്പാദിപ്പിക്കുകയും അത് എന്നെന്നും വർദ്ധിച്ചു കൊണ്ടിരിക്കുകയും ചെയ്യും. ജന്മജന്മാന്തരമായുള്ള അറ്റമില്ലാത്ത അലച്ചിലിന് കാരണം പ്രതികാരമാണ്. എന്തുകൊണ്ടാണ് ഈ മനുഷ്യർ അനന്തമായി അലഞ്ഞു കൊണ്ടിരിക്കുന്നത്?

എന്ത് തടസ്സങ്ങളാണ് ഉണ്ടാകുന്നത്? എവിടെ നിന്നാണ് തടസ്സങ്ങൾ ഉണ്ടാകുന്നത്? നമുക്കവ നശിപ്പിച്ചു കളയണം. ഒരാളുടെ ഹ്രസ്വദൃഷ്ടി മൂലമാണ്ഒരാൾ തടസ്സങ്ങൾ നേരിടേണ്ടി വരുന്നത്. ജ്ഞാനീപുരുഷൻ നിങ്ങൾക്ക് ദീർഘദൃഷ്ടി നല്കുന്നു. അത് നിങ്ങളെ കാര്യങ്ങൾ അവയുടെ യഥാർത്ഥരൂപത്തിൽ കാണാൻ സഹായിക്കുന്നു.

## (20) ഒരാൾ കുട്ടികളോടു കോപിക്കുമ്പോൾ.....

**ചോദ്യകർത്താവ്:** എനിക്കെന്റെ കുട്ടിയോടു കോപം വരുമ്പോൾ ഞാനെന്താണ് ചെയ്യേണ്ടത്?

**ദാദാശ്രീ:** തിരിച്ചറിവ് ഇല്ലാത്തതു കൊണ്ടാണ് കോപം ഉണ്ടാകുന്നത്. നിങ്ങൾ കോപിക്കുമ്പോൾ അവനെന്തു തോന്നുന്നു എന്നു കുട്ടിയോടു ചോദിച്ചാൽ അവൻ പറയും അതവനെ വേദനിപ്പിക്കുന്നു എന്ന്. അവൻ വേദനിക്കുന്നു, നിങ്ങളും. അപ്പോൾ പിന്നെ കുട്ടിയോട് കോപിക്കേണ്ട കാര്യമുണ്ടോ? അതുകൊണ്ടവന് ഗുണം ഉണ്ടെങ്കിൽ, നിങ്ങൾക്കത് തുടരാം. എന്നാൽ അനന്തര ഫലങ്ങൾ മോശമാണെങ്കിൽ കോപിക്കുന്നതിൽ എന്താണർത്ഥം?

**ചോദ്യകർത്താവ്:** ഞങ്ങൾ കോപിച്ചില്ലെങ്കിൽ, അവർ ഞങ്ങൾ

പറയുന്നതനുസരിക്കില്ല, അവർ ഭക്ഷണം കഴിക്കില്ല.

**ദാദാശ്രീ:** അവർ നിങ്ങൾ പറയുന്നത് അനുസരിക്കാൻ മാത്രമാണോ നിങ്ങളവരെ പേടിപ്പിക്കുന്നത്?

## (21) ജ്ഞാനം നേടിയവരുടെ സൂക്ഷ്മത ഒന്നു നോക്കു

ആളുകൾ വിചാരിക്കും കുട്ടികളോട് ഇത്രമാത്രം കോപം പ്രകടിപ്പിക്കുന്നതു കൊണ്ട് ഒരു പിതാവ് ഒന്നിനും കൊള്ളാത്തവനാണ് എന്ന്. പക്ഷെ പ്രകൃതിയുടെ അഭിപ്രായത്തിൽ ഇത് എന്തു തരം ന്യായമായിരിക്കും? പ്രകൃതി നിയമമനുസരിച്ച് പിതാവ് പുണ്യം ബന്ധിപ്പിക്കുന്നു. അവൻ കോപിച്ചിട്ടും ഇത് എന്തു കൊണ്ടാണ് പുണ്യമായി കണക്കാക്കുന്നത്? അതിനു കാരണം അവൻ കുട്ടിയുടെ നന്മക്കു വേണ്ടി സ്വയം കഷ്ടപ്പാടിനു വിധേയനാകുന്നു എന്നതാണ്. കുട്ടിയുടെ സന്തോഷത്തിനു വേണ്ടി വിവാദം അനുഭവിക്കാൻ തയ്യാറാകുന്നതു കൊണ്ടാണ് അവൻ പുണ്യം ബന്ധിക്കുന്നത്. പൊതുവായി, എല്ലാ രൂപത്തിലുള്ള കോപങ്ങളും പാപം ബന്ധിപ്പിക്കുന്നതാണ്. എന്നാൽ ഇവിടെ മാത്രം ഒരാൾ തന്റെ കുട്ടിക്കു വേണ്ടിയോ ശിഷ്യനുവേണ്ടിയോ സ്വന്തം സന്തോഷം ത്യജിച്ചുകൊണ്ട് കോപിക്കുന്നു. ഇവിടെ പുണ്യം ബന്ധിക്കപ്പെടുന്നു. ആളുകൾ അയാളെ വെറുപ്പോടേയും അനഭിമതനായും നോക്കിയെന്നു വരാം. പ്രകൃതിയുടെ ന്യായം വ്യത്യസ്തമാണ്. ഇവിടെ മകനോടോ മകളോടോ കോപിക്കുമ്പോൾ നിങ്ങളിൽ *ഹിംസാ ഭാവം* ഇല്ല (വേദനിപ്പിക്കുക എന്ന ഉദ്ദേശം). മറ്റു എല്ലാ ഇടത്തും ഹിംസ ഭാവം ഉണ്ട്. അയാളുടെ തന്തു (കോപത്തിന്റേയോ ദ്വേഷ്യത്തിന്റേയോ ചരട്) നീണ്ടു നിന്നു എന്നു വരാം. അങ്ങനെയാണെങ്കിൽ, കുട്ടിയുടെ മുഖത്തു നോക്കിയാലുടനെ, അയാൾക്കുള്ളിൽ സംഘർഷം ഉയർന്നു വരും.

ഇപ്പോൾ കോപത്തിൽ വേദനിപ്പിക്കാൻ ഉള്ള ഉദ്ദേശ്യമോ നീണ്ടു നിൽക്കുന്ന ശല്യമോ ഇല്ലെങ്കിൽ ഒരാൾ വിമോചനം നേടും. ഹിംസക് ഭാവം കാണാൻ ഇല്ല, പക്ഷേ ടാൻടോ ഇപ്പോഴും അവിടെ

ഉണ്ടെങ്കിൽ, ഒരാൾ പുണ്യം ബന്ധിക്കും. ഭഗവാന്റെ കണ്ടെത്തലിന്റെ സങ്കീർണ്ണമായ വിശദാംശങ്ങൾ നോക്കൂ

## (22) കോപമുണ്ടെങ്കിലും ഒരാൾ പുണ്യം ബന്ധിക്കുന്നു

മറ്റുള്ളവർക്കു വേണ്ടി, അവരുടെ വലിയൊരു ഗുണകരമായ നേട്ടത്തിനു വേണ്ടി, പ്രകടിപ്പിക്കുന്ന കോപം പുണ്യം ബന്ധിക്കും എന്ന് ദൈവം നമ്മോടു പറയുന്നു.

ഇപ്പോൾ ക്രമിക മാർഗ്ഗത്തിൽ (പരമ്പരാഗതമായ ആത്മ ജ്ഞാനത്തിനുള്ള പടിപടിയായ മാർഗ്ഗം) വിശ്വാസികളായ ശിഷ്യന്മാർ അവരുടെ ഗുരുവിന്റെ കോപത്തെ ഭയന്നുകൊണ്ട് ജീവിക്കുന്നു. ഗുരുവിന്റെ കണ്ണുകൾ കോപം കൊണ്ട് ചുവക്കുന്നു. എന്നിരുന്നാലും, അദ്ദേഹം കോപിക്കുന്നു എന്നത് ശിഷ്യന്റെ നന്മക്കായതുകൊണ്ട് ഗുരു പുണ്യം ബന്ധിക്കുന്നു. എത്ര മാത്രം കഷ്ടപ്പാട് അവർ സഹിക്കേണ്ടി വരുന്നു എന്ന് സങ്കല്പിക്കാനാവുമോ? എങ്ങനെയാണ് ഒരാൾ എന്നെങ്കിലും മോക്ഷം നേടുന്നത്? മോക്ഷം എളുപ്പമായ കാര്യമല്ല. വളരെ അപൂർവ്വമായ അവസരത്തിൽ മാത്രമാണ് ഒരാൾക്ക് അക്രം വിജ്ഞാനം പോലെ ഒന്ന് ലഭിക്കുന്നത്.

## (23) കോപം ഒരു തരത്തിലുള്ള അടയാളമാണ്

കുട്ടികളോട് കോപിക്കുന്ന ആൾ തെറ്റുകാരനാണെന്നും അയാൾ പാപം ബന്ധിക്കുമെന്നും ആളുകൾ പറയും. പക്ഷെ ദൈവം അങ്ങനെ പറയുന്നില്ല. ദൈവം പറയും പിതാവെന്ന നിലയിൽ മക്കളോട് കോപിക്കുന്നു എന്നതിൽ പരാജയപ്പെടുന്നവൻ തെറ്റുകാരനാണെന്ന്. കോപിക്കുന്നത് നല്ലതാണോ? അല്ല. പക്ഷെ ആ സമയത്ത് കോപിക്കാതിരുന്നാൽ, മകൻ തെറ്റായ വഴിയിൽ അലയാനിട വരും. അതുകൊണ്ട് കോപം ഒരു ചുവപ്പു സിഗ്നൽ ആണ്, മറ്റൊന്നും അല്ല. അവനെ ഭയപ്പെടുത്താൻ ആയി കോപിക്കാതിരുന്നെങ്കിൽ,

അദ്ദേഹത്തിന് തന്റെ മകനെ തിന്മയുടെ പാതയിൽ നഷ്ടപ്പെട്ടേനെ.

കോപം ഒരു ചുവപ്പ് കൊടിയാണെന്ന ഒരറിവും ജനങ്ങൾക്കില്ല. ഈ കൊടി എപ്പോൾ, എത്ര സമയത്തേക്ക് ഉപയോഗിക്കണമെന്ന അറിവുണ്ടായിരിക്കണമെന്നത് വളരെ പ്രധാനമാണ്.

## (24) നെഗറ്റീവ് ധ്യാനത്തിൽ നിന്നും പോസിറ്റീവ് ധ്യാനത്തിലേക്ക്

നിങ്ങൾ നിങ്ങളുടെ മകനോടു കോപിക്കുമ്പോൾ, "ഇത് സംഭവിക്കാൻ പാടില്ല" എന്നായിരിക്കണം നിങ്ങളുടെ ഭാവം. ഇതിന്റെ അർത്ഥം നിങ്ങൾ നെഗറ്റീവ് ധ്യാനത്തെ പോസിറ്റീവാക്കി മാറ്റി എന്നാണ്. നിങ്ങൾ കോപിച്ചെങ്കിലും ആന്തരികമായി ഫലം പോസിറ്റിവ് ആയി മാറുന്നു, കാരണം നിങ്ങൾ നിങ്ങളുടെ യഥാർത്ഥമായ ആന്തരിക ഭാവം മാറ്റി.

**ചോദ്യകർത്താവ്:** "അതങ്ങനെയാവാൻ പാടില്ല" എന്ന ഭാവം കൊണ്ടാണോ അത്?

**ദാദാശ്രീ:** അതിനു പിറകിൽ വേദനിപ്പിക്കുക എന്ന ഉദ്ദേശമുണ്ടാവാൻ പാടില്ല. വേദനിപ്പിക്കുക എന്ന ഉദ്ദേശമില്ലാതെ കോപമുണ്ടാവുക അസാദ്ധ്യമാണ്. കോപം സംഭവിക്കുന്ന വിവിധ സാഹചര്യങ്ങളിൽ, സ്വന്തം കുട്ടികളോടും, സുഹൃത്തുക്കളോടും, ഭാര്യയോടും വേദനിപ്പിക്കുക എന്ന ഉദ്ദേശം ഇല്ലാതെ ഉണ്ടാകുന്ന കോപം പുണ്യം മാത്രമെ ബന്ധിപ്പിക്കുകയുള്ളൂ. കോപത്തിനു പിറകിലുള്ള ലക്ഷ്യം നോക്കിയാൽ കാരണം വളരെ വ്യക്തമാണ്.

അതുകൊണ്ട് കോപം പോലും വേർതിരിക്കപ്പെട്ടിരിക്കുന്നു. ബിസിനസ്സിൽ ശ്രദ്ധ വെക്കുന്നില്ലെങ്കിൽ മകനോട് നിങ്ങൾ കോപിക്കുന്നത് ഒരു വ്യത്യസ്ത തരം കോപമാണ്. പണം മോഷ്ടിക്കുന്നതിനും മറ്റു തെറ്റായ പ്രവൃത്തികൾക്കും മകനോട്

കോപിക്കുന്ന പിതാവ് പുണ്യം ബന്ധിക്കുന്നു എന്ന് ഭഗവാൻ പറഞ്ഞിട്ടുണ്ട്.

## (25) മുസ്ലീമുകൾ കോപം കൈകാര്യം ചെയ്യുന്ന രീതി

**ചോദ്യകർത്താവ്:** സെക്രട്ടറിയോടോ, ഹോസ്പിറ്റലിൽ നേഴ്സുമാരോടോ കോപം കാണിക്കാൻ കഴിയാതെ വരുമ്പോൾ, ഞങ്ങൾ ഞങ്ങളുടെ കോപം ഭാര്യക്കു നേരെ പുറത്തെടുക്കുന്നു. അവൾക്കാണ് അതിന്റെ മോശമായ ഭാഗം കിട്ടുന്നത്.

**ദാദാശ്രീ:** സത്സംഗങ്ങളിൽ ഞാൻ ആളുകളോടു പറയാറുണ്ട്, ചില ആളുകൾ അവരുടെ അധികാരികളിൽ നിന്നും ശകാരം കേൾക്കുമ്പോൾ, അവരുടെ കോപം ഭാര്യമാരോട് തീർക്കാറുണ്ട് എന്ന്. ഞാൻ അവരെ പരിഹസിച്ച് ചോദിക്കും എന്തിനാണ് അവർ അവരുടെ പാവം ഭാര്യമാർക്കു നേരെ അത് പുറത്തെടുക്കുന്നതെന്ന്. പകരം അവർക്ക് അവരെ ശകാരിച്ചവരോട് പോരാടിക്കൂടെ എന്ന് ഞാൻ ചോദിക്കും.

ഒരു മുസ്ലീം സുഹൃത്ത് എന്നെ വീട്ടിലേക്ക് ക്ഷണിച്ചു. ഒരു ദിവസം ഞാൻ അദ്ദേഹത്തിന്റെ വീട്ടിൽ പോയി, അദ്ദേഹത്തിന്റെ വീട്ടിൽ ആകെ രണ്ടു മുറികളേ ഉള്ളൂ. ഇത്രയും ഇടുങ്ങിയ സ്ഥലത്ത് എങ്ങനെ കഴിഞ്ഞുകൂടുന്നു എന്ന് ഞാൻ അദ്ദേഹത്തോടു ചോദിച്ചു. ഭാര്യ ഒരിക്കലും ശല്യപ്പെടുത്താറില്ലേ എന്ന് ഞാൻ അദ്ദേഹത്തോട് അന്വേഷിച്ചു. അദ്ദേഹം പറഞ്ഞു, ഇടക്ക് ഭാര്യ ദേഷ്യപ്പെടാറുണ്ട് എന്ന്. എന്നാൽ അദ്ദേഹം ഒരിക്കലും ദേഷ്യപ്പെടുകയില്ല എന്ന്. അവർ രണ്ടുപേരും ദേഷ്യപ്പെട്ടാൽ എങ്ങനെയാണ് അവർ ഒരു മുറിയിൽ ഉറങ്ങുക? അതുകൂടാതെ രാവിലെ ഡീസന്റായി ഒരു കപ്പ് ചായ പോലും കിട്ടില്ല. അദ്ദേഹം പറഞ്ഞു ഭാര്യയോടൊപ്പം അദ്ദേഹം സന്തോഷവാൻ ആയിരിക്കുന്നു . പിന്നെ എങ്ങനെ അവളോട് ദേഷ്യപ്പെടും? അവൾക്ക് ദേഷ്യം വന്നാൽ മധുരമായ വാക്കുകൾ പറഞ്ഞ് അദ്ദേഹം അവളെ ശാന്തയാക്കും. അദ്ദേഹം പറയുന്നു,

വീട്ടിനു പുറത്ത് അദ്ദേഹം വഴക്കു കൂടും പക്ഷെ ഒരിക്കലും വീട്ടിനകത്ത് ഉണ്ടാവില്ല എന്ന്.

പക്ഷെ നമ്മുടെ ആളുകൾ പുറത്തു നിന്നും മാനസികമായ സംഘർഷങ്ങൾ മുഴുവൻ സഹിച്ചുകൊണ്ട് വരുന്നു. അതെല്ലാം ഭാര്യമാരുടെ നേർക്ക് വിടുന്നു.

ദിവസം മുഴുവൻ അവർ കോപത്തിലാണ്. പശുക്കളും എരുമകളും പോലും അതിലും നല്ല അവസ്ഥയിലാണ്. ചുരുങ്ങിയത് അവർ കോപിക്കുന്നില്ല. ജീവിതം സമാധാനപൂർണ്ണമായിരിക്കണം. അത് ദുർബ്ബലമാവാൻ പാടില്ല. പലപ്പോഴും കോപം അവരെ പിടികൂടുന്നു.

നിങ്ങൾ ഇങ്ങോട്ട് കാറിലാണോ വന്നത്? വഴിക്കുവെച്ച് കാറ് കോപിച്ചാൽ എന്തു സംഭവിക്കും?

**ചോദ്യകർത്താവ്:** അപ്പോൾ ഇവിടെ വരുന്നത് അസാദ്ധ്യം ആയിരിക്കും .

**ദാദാശ്രീ:** നിങ്ങൾ ഭാര്യയോട് കോപിക്കുമ്പോൾ, അവൾ എങ്ങനെയാണ് അതിനോട് പൊരുത്തപ്പെട്ടു പോകുന്നത് എന്ന് നിങ്ങൾക്കറിയാമോ?

**ദാദാശ്രീ:** (ഭാര്യയോട്) നീ ദേഷ്യപ്പെടാറില്ല, ഉണ്ടോ?

**ചോദ്യകർത്താവ്:** ചിലപ്പോൾ അങ്ങനെ സംഭവിക്കാറുണ്ട്.

**ദാദാശ്രീ:** നിങ്ങൾ രണ്ടു പേരും കോപിച്ചിട്ട് എന്ത് നേട്ടമാണ്.

**ചോദ്യകർത്താവ്:** ഒരു പെണ്ണും ആണുമായി കുറച്ചൊക്കെ കോപം ഉണ്ടാവണ്ടെ?

**ദാദാശ്രീ:** പാടില്ല. അങ്ങനെ ഒരു നിയമമൊന്നുമില്ല. ഭാര്യയും ഭർത്താവുമായി ഒരുമ ഉണ്ടാവണം. അവർ പരസ്പരം വേദനിപ്പിക്കുക ആണെങ്കിൽ അവർ ഭാര്യയും ഭർത്താവുമല്ല. യഥാർത്ഥ സൗഹൃദമുള്ളിടത്ത് ഒരിക്കലും ഒരു ഹൃദയ വേദനയുമുണ്ടാവില്ല.

വിവാഹം എല്ലാ സൗഹൃദങ്ങളിലും വെച്ച് മഹത്തരമായ സൗഹൃദമായി കണക്കാക്കപ്പെടുന്നു. അവർക്കെല്ലാം അങ്ങനെ അനുഭവമുള്ളതുകൊണ്ട് മറ്റുള്ളവർ നിങ്ങളെ അങ്ങനെ ചിന്തിക്കാൻ ബ്രെയിൻവാഷ് ചെയ്തിരിക്കുകയാണ്. ഒരു ഭാര്യക്കും ഭർത്താവിനും ഇടക്ക് ഒരു തരത്തിലുള്ള വേദനിപ്പിക്കലുമുണ്ടാവാൻ പാടില്ല. മറ്റു ബന്ധങ്ങളിൽ അത് സംഭവിച്ചേക്കാം.

## (26) പിടിവാശിക്കുള്ള ശിക്ഷ

**ചോദ്യകർത്താവ്:** ഞങ്ങൾക്ക് പരസ്പര വിരുദ്ധമായ അഭിപ്രായങ്ങൾ സുഹൃത്തുക്കളോടോ കുടുംബത്തോടോ ഉണ്ടാവുകയും, കാര്യങ്ങൾ ഞങ്ങളുടെ വഴിക്കു വരാതിരിക്കുകയും ചെയ്യുമ്പോൾ ഞങ്ങൾ കോപിക്കുന്നു. എന്തുകൊണ്ടാണ് ഞങ്ങൾ കോപിക്കുന്നത്? ഞങ്ങൾ ഇക്കാര്യത്തിൽ എന്തുചെയ്യണം?

**ദാദാശ്രീ:** എന്തുകൊണ്ട് നിങ്ങൾ നിങ്ങളുടെ വഴിക്ക് നീങ്ങണമെന്ന് ചിന്തിക്കുക തന്നെ ചെയ്യുന്നു? എല്ലാവരും അവരുടെ ഇഷ്ടംപോലെ ചെയ്താൽ എന്തു സംഭവിക്കും? അതിനുപകരം നിങ്ങൾ ചിന്തിക്കണം, ചുറ്റും ഉള്ളവർ എല്ലാം പിടിവാശിക്കാരും വഴങ്ങാത്തവരും ആയാൽ എന്തു സംഭവിക്കുമെന്ന്. നിങ്ങൾ ഒരിക്കലും കാര്യങ്ങൾ നിങ്ങളുടെ വഴിക്ക് കൊണ്ടുവരാൻ ശ്രമിക്കരുത്. നിങ്ങൾക്ക് ഒരു പ്രതീക്ഷയുമില്ലെങ്കിൽ, നിങ്ങൾക്ക് തെറ്റുപറ്റില്ല. പ്രതീക്ഷകളുള്ളവർ അവർക്കു വേണമെങ്കിൽ പിടിവാശിക്കാരാവട്ടെ. ഇങ്ങനെ വേണം നിങ്ങൾ കാര്യങ്ങൾ നോക്കിക്കാണാൻ

.

**ചോദ്യകർത്താവ്:** ഞങ്ങളെത്രമാത്രം നിശ്ശബ്ദമായിരിക്കാൻ കഠിനമായി ശ്രമിച്ചാലും, ആളുകൾ കോപിച്ചാൽ ഞങ്ങളെന്തു ചെയ്യും?

**ദാദാശ്രീ:** ഒരു വഴക്ക് തുടങ്ങാനാണ് ആഗ്രഹമെങ്കിൽ, നിങ്ങൾക്കും കോപിക്കാം. വേണ്ടെങ്കിൽ നിങ്ങൾ നിശ്ശബ്ദം ആയിരിക്കുക മാത്രം ചെയ്യണം.

കോപംകൊണ്ട് നിങ്ങൾക്കെന്താണ് ഗുണം? വ്യക്തി സ്വയം കോപിക്കുന്നതല്ല. "യാന്ത്രികമായ ഒരു അഡ്ജസ്റ്റ്മെന്റിന്റെ" ഫലമാണ് കോപം. അതുകൊണ്ടാണ് പിന്നീട് അയാൾക്ക് ഒരിക്കലും സംഭവിക്കാൻ പാടില്ലായിരുന്നു എന്ന് പശ്ചാത്താപം തോന്നുന്നത്.

**ചോദ്യകർത്താവ്:** അവനെ ശാന്തനാക്കാൻ ഞാൻ എന്ത് ചെയ്യണം?

**ദാദാശ്രീ:** ഒരു യന്ത്രം അമിതമായി ചൂടായാൽ, നിങ്ങളതിനെ അല്പസമയം വെറുതെ വിടണം. കുറച്ചുസമയം കഴിഞ്ഞാൽ അത് സ്വയം തണുക്കും. പകരം നിങ്ങൾ അതിൽ ഓരോന്നു ചെയ്തു കൊണ്ടിരുന്നാൽ നിങ്ങൾക്ക് സ്വയം പൊള്ളലേൽക്കാൻ ഇട വരും.

**ചോദ്യകർത്താവ്:** ഞാനും ഭർത്താവും ഭയങ്കരമായ വാക്കു തർക്കത്തിലേർപ്പെടും. പരസ്പരം വേദനിപ്പിക്കുന്ന വാക്കുകളും പറയും. ഞാനെന്താണ് ചെയ്യേണ്ടത്?

**ദാദാശ്രീ:** അദ്ദേഹമാണോ കോപിക്കുന്നത്, അതോ നിങ്ങളോ?

**ചോദ്യകർത്താവ്:** ചിലപ്പോൾ ഞാനും

**ദാദാശ്രീ:** അങ്ങനെയാണെങ്കിൽ നിങ്ങൾ നിങ്ങളെത്തന്നെ ശാസിക്കണം. നിങ്ങളോടുതന്നെ ചോദിക്കുക, അനന്തരഫലങ്ങൾ നിങ്ങൾ തന്നെ അനുഭവിക്കണം എന്നിരിക്കെ എന്തിനാണ്

കോപിക്കുന്നതെന്ന്. പ്രതിക്രമണം ചെയ്യുക (മാപ്പുചോദിക്കുന്ന പ്രവൃത്തി). നിങ്ങളുടെ എല്ലാ തെറ്റുകളും അവസാനിക്കും. ഇല്ലെങ്കിൽ നിങ്ങൾ നല്കുന്ന അതേ വേദന നിങ്ങൾ അനുഭവിക്കേണ്ടി വരും. പ്രതിക്രമണം കൊണ്ട് നിങ്ങൾക്ക് കാര്യങ്ങൾ ഒരല്പം തണുപ്പിക്കാൻ കഴിയും.

## (27) ഇത് അപരിഷ്കൃതമായ പെരുമാറ്റമാണ്

**ചോദ്യകർത്താവ്:** ദേഷ്യപ്പെടുമ്പോൾ ഞങ്ങൾ മോശമായ ഭാഷ ഉപയോഗിക്കാൻ തുടങ്ങുന്നു. എങ്ങനെയാണ് ഞങ്ങൾ സ്വയം നന്നാവുക?

**ദാദാശ്രീ:** ഒരാൾക്ക് ഒരു നിയന്ത്രണവുമില്ലാത്തതുകൊണ്ടാണ് ഇത് സംഭവിക്കുന്നത്. കുറച്ച് നിയന്ത്രണം വേണമെങ്കിൽ, ഒരാൾ ആദ്യം, തന്നോട് ആരെങ്കിലും കോപിച്ചാൽ തനിക്ക് എന്തു തോന്നുന്നു എന്നത് മനസ്സിൽ ആക്കി ഇരിക്കണം. അത്തരം പെരുമാറ്റം അയാൾക്കു നേരെ വരുമ്പോൾ അയാളെങ്ങനെയാണ് സഹിക്കുന്നത്? നിങ്ങളേതു തരത്തിലുള്ള പെരുമാറ്റം മറ്റുള്ളവരിൽ നിന്നും പ്രതീക്ഷിക്കുന്നുവോ, അതു പോലെ മറ്റുള്ളവരോട് പെരുമാറുക.

ആരെങ്കിലും നിങ്ങൾക്ക് എതിരെ മോശമായ ഭാഷ ഉപയോഗിക്കുമ്പോൾ, അതു നിങ്ങളെ ശല്യം ചെയ്യുകയോ വിഷമിപ്പിക്കുകയോ ചെയ്യുന്നില്ല എങ്കിൽ, കാര്യം വേറെ. നിങ്ങളിത് പൂർണ്ണമായും നിർത്തണം. ഒരാൾ ഒരിക്കലും മോശമായ ഭാഷ ഉപയോഗിക്കാൻ പാടില്ല. നിന്ദാ വാക്കുകൾ പറയുന്നത് അപരിഷ്കൃതമായ പെരുമാറ്റമാണ്, മനുഷ്യത്വം നഷ്ടപ്പെടുത്തലാണ്.

## (28) പ്രതിക്രമണം: മോക്ഷത്തിലേക്കുള്ള യഥാർത്ഥമാർഗ്ഗം

ഒരു കാലത്ത് ജനങ്ങളെ ദയ ഉണ്ടാവാനും, സദാചാരത്തിൽ

വർത്തിക്കാനും, ക്ഷമയുള്ളവരാവാനുമൊക്കെ പഠിപ്പിച്ചിരുന്നു. എന്നാൽ ഇപ്പോൾ കോപശീലരായ അവർക്ക് എങ്ങനെയാണ് ഈ ഗുണങ്ങൾ ഉണ്ടാവുക?

ഞാനീ ആളുകളോടു പറയുന്നു, അവർ എപ്പോൾ കോപിച്ചാലും ഉള്ളിൽ പശ്ചാത്തപിക്കണം എന്ന്. അവരെ കോപിക്കാൻ ഇടയാക്കുന്ന, അവർക്കു അകത്തുള്ള ദൗർബ്ബല്യം അവർ മനസ്സിലാക്കണം. അവർ അവരുടെ തെറ്റുകൾ അംഗീകരിച്ച് ദുഃഖമനുഭവിക്കണം. അവർക്ക് ഗുരുവുണ്ടെങ്കിൽ, അവർ അദ്ദേഹത്തിന്റെ സഹായം തേടണം. ദൗർബ്ബല്യം ഇനി ഒരിക്കലും അവരെ കീഴടക്കാൻ അനുവദിക്കുകയില്ല എന്ന് അവർ ഉറച്ച തീരുമാനമെടുക്കണം. അവർ അവരുടെ കോപത്തെ ന്യായീകരിക്കാൻ പാടില്ല. അവർ പ്രതിക്രമണം ചെയ്യുകയും വേണം. ദിവസം മുഴുവൻ എപ്പോൾ, എവിടെ, ആരോടെല്ലാം കോപിച്ചു എന്ന് അവർ ഓർമ്മിക്കുകയും അവക്കെല്ലാം പ്രതിക്രമണം ചെയ്യുകയും വേണം.

പ്രതിക്രമണത്തിൽ ഒരാൾ എന്താണ് ചെയ്യുന്നത്? തന്റെ കോപം ഒരാളെ വേദനിപ്പിച്ചിട്ടുണ്ടെങ്കിൽ, ആ ആളുടെ ഉള്ളിലുള്ള ആത്മാവിനെ അയാൾ ഓർമ്മിക്കുകയും മാപ്പുതരാൻ ആവശ്യപ്പെടുകയും വേണം. തന്റെ പ്രവൃത്തികൾക്ക് അയാൾ മാപ്പ് അപേക്ഷിക്കുകയും, ഇനിയൊരിക്കലും ആവർത്തിക്കുക ഇല്ല എന്ന് പ്രതിജ്ഞ എടുക്കുകയും വേണം. നിങ്ങളുടെ തെറ്റ് സമ്മതിക്കുന്നതാണ് ആലോചന. നിങ്ങളുടെ തെറ്റുകൾ എന്നോട് സമ്മതിക്കുമ്പോൾ അത് ആലോചനയാണ്.

## (29) ആന്തരികമായി മാപ്പുചോദിക്കുക

**ചോദ്യകർത്താവ്:** ദാദാ, ആരോടെങ്കിലും കോപിച്ചതിന് പ്രതിക്രമണം ചെയ്യുമ്പോഴും തെറ്റിന് പശ്ചാത്തപിക്കുമ്പോഴും മനസ്സിനകത്ത് വലിയ വേദന അനുഭവപ്പെടുന്നുണ്ട്. എന്നാൽ നേരിട്ട്

ആ വ്യക്തിയോട് മാപ്പുചോദിക്കാനുള്ള ധൈര്യം വരുന്നില്ല.

**ദാദാശ്രീ:** നിങ്ങൾ അങ്ങനെ മാപ്പു ചോദിക്കേണ്ടതില്ല. കാരണം മറ്റെ വ്യക്തി അത് ദുരുപയോഗം ചെയ്തു എന്നു വരാം. അയാൾ നിങ്ങളെ നിങ്ങളുടെ സ്ഥാനത്തു നിർത്തി എന്ന് അയാൾക്ക് തോന്നിയേക്കാം. ആന്തരികമായി, അയാളുടെ ഉള്ളിലുള്ള ആത്മാവിനെ ഓർത്തു കൊണ്ട് മനസ്സിൽ മാപ്പുചോദിക്കുക. നിങ്ങൾ മാപ്പ് ചോദിക്കുന്നതിനു മുന്നെ നിങ്ങൾക്ക് മാപ്പു തരാൻ കഴിവുള്ള വളരെ കുറച്ച് ആളുകളേ ഉള്ളൂ. അത്തരം ശ്രേഷ്ഠ വ്യക്തിത്വങ്ങൾ ഇന്ന് ദുർലഭമാണ്.

## (30) ആത്മാർത്ഥമായ പ്രതിക്രമണങ്ങൾക്ക് പെട്ടന്ന് ഫലം ലഭിക്കുന്നു

**ചോദ്യകർത്താവ്:** ചിലപ്പോൾ ഞാൻ വളരെയധികം കോപിച്ച് എന്തെങ്കിലും പറയും. പിന്നെ ഞാൻ നിശ്ശബ്ദനാവും. പക്ഷെ ഉള്ളിൽ വല്ലാത്ത കലക്കം അനുഭവപ്പെടും. അത് നീണ്ടു നിൽക്കും. ഇതിന് ഒന്നിലധികം പ്രതിക്രമണം ആവശ്യമായി വരുമോ?

**ദാദാശ്രീ:** പൂർണ്ണ ഹൃദയത്തോടെ വീണ്ടും തെറ്റ് ആവർത്തിക്കുകയില്ല എന്ന ഉറച്ച നിശ്ചയത്തോടെ, രണ്ടോ മൂന്നോ വട്ടം പ്രതിക്രമണം ചെയ്താൽ എല്ലാം തീരും. ആ വ്യക്തിക്കകത്തുള്ള ആത്മാവിനോട് പ്രാർത്ഥിക്കുക, നിങ്ങൾ വളരെ കോപിച്ച് അയാളെ വേദനിപ്പിച്ചു, അതു കൊണ്ട് ഇപ്പോൾ ആ പ്രവൃത്തികൾക്ക് മാപ്പുചോദിക്കുകയാണ് എന്ന്.

## (31) തെറ്റുകൾ പൂർണ്ണമായും അവസാനിക്കും

**ചോദ്യകർത്താവ്:** അതിക്രമണംകൊണ്ട് (കോപം, അഹങ്കാരം, ആസക്തി, ആർത്തി എന്നിവ മൂലം സംഭവിക്കുന്ന

കൈയേറ്റങ്ങൾ) ഇളകിയുയരുന്ന ഉത്ക്കണ്ഠ പ്രതിക്രമണം കൊണ്ട് ശാന്തമാകുന്നു.

**ദാദാശ്രീ:** ശരിയാണ് തീർച്ചയായും അവ ശാന്തമാവും. 'ഒട്ടിപ്പിടിക്കുന്ന ഫയലുകളോട്' (നിങ്ങൾക്ക് കഴിഞ്ഞ ജന്മത്തിലെ കർമ്മഫലമായി വളരെയേറെ അടുപ്പമോ വെറുപ്പോ ഉള്ള ആളുകൾക്ക് ദാദാജി ഉപയോഗിക്കുന്ന വാക്ക്) കാര്യങ്ങൾ നേർവഴിക്കാവാൻ നിങ്ങൾ അയ്യായിരത്തിലേറെ പ്രതിക്രമണങ്ങൾ ചെയ്യേണ്ടി വന്നേക്കും. കോപം വന്നിട്ടും കോപം നിങ്ങൾ പ്രകടിപ്പിച്ചില്ലെങ്കിൽ തന്നെയും, പ്രതിക്രമണം ചെയ്തില്ലെങ്കിൽ കറ മാഞ്ഞു പോവുകയില്ല. പ്രതിക്രമണം കൊണ്ട് എല്ലാം ശുഭ്രമായിത്തീരും. നിങ്ങൾ അതിക്രമണം ചെയ്താൽ, നിങ്ങൾ പ്രതിക്രമണം ചെയ്യണം.

**ചോദ്യകർത്താവ്:** ആരോടെങ്കിലും കോപിച്ച ഉടനെത്തന്നെ അവിടെ വെച്ചുതന്നെ ക്ഷമ ചോദിച്ചാൽ എന്തു സംഭവിക്കും?

**ദാദാശ്രീ:** ജ്ഞാനം ലഭിച്ചതിനു ശേഷം, നിങ്ങൾ ക്ഷമ ചോദിക്കുകയാണെങ്കിൽ, പ്രതിക്രമണം നിങ്ങളെ സ്വതന്ത്രമാക്കുന്നു എന്നതിനാൽ, പ്രശ്നമൊന്നുമുണ്ടാവില്ല. നിങ്ങൾക്ക് നേരിട്ട് ആ വ്യക്തിയോട് ക്ഷമ ചോദിക്കാനാവില്ലെങ്കിൽ, നിങ്ങളത് ആന്തരികമായി ചെയ്യണം. അത് നിങ്ങളെ സ്വതന്ത്രമാക്കും.

**ചോദ്യകർത്താവ്:** എല്ലാവരുടേയും മുമ്പിൽ വെച്ച് ചെയ്യണം എന്നാണോ അങ്ങ് ഉദ്ദേശിക്കുന്നത്?

**ദാദാശ്രീ:** നിങ്ങൾക്ക് നേരിട്ട് ചോദിക്കാനാവില്ലെങ്കിൽ. ആന്തരികമായി ചെയ്യുന്നത് നല്ലതാണ്. ഈ തെറ്റുകളെല്ലാം ജീവനില്ലാത്തവയും ഡിസ്ചാർജ് (മുൻ ജന്മങ്ങളിലെ കാരണങ്ങളിൽ നിന്നും രൂപപ്പെട്ട് വ്യയം ചെയ്യപ്പെടുന്ന കർമ്മങ്ങളെയാണ് ദാദാജി ഇങ്ങനെ വിളിക്കുന്നത്. ജ്ഞാനവിധിയിലൂടെ കാരണ കർമ്മങ്ങളും ഫല കർമ്മങ്ങളും വേർതിരിക്കപ്പെട്ട് ഇരിക്കുന്നവരെ ഉദ്ദേശിച്ചു മാത്രമാണ് ഡിസ്ചാർജ് കർമ്മങ്ങൾ എന്ന് പറയുന്നത്) രൂപത്തിൽ

ഉള്ളവയും ആണ്. 'ഡിസ്ചാർജ്ജ് ചെയ്യപ്പെടുന്ന തെറ്റ് എന്നാൽ അത് ജീവനില്ലാത്തതാണ് എന്നാണ് അർത്ഥമാക്കുന്നത്. അതായത് അതിന്റെ അനന്തര ഫലങ്ങൾ കുറവായിരിക്കും.

## (32) കർതൃത്വബോധം കോപം നിലനിർത്തുന്നു

നിങ്ങൾ അല്ല കാര്യങ്ങൾ സംഭവിപ്പിക്കുന്ന ആൾ. നിങ്ങൾക്കകത്തുള്ള കോപം, അഹങ്കാരം, ആസക്തി, ആർത്തി എന്നിങ്ങനെയുള്ള കാഷായങ്ങളാണ് എല്ലാംനടത്തുന്നത്. ഈ കാഷായങ്ങളുടെ ഭരണം മാത്രം നിലനിൽക്കുന്നു. നിങ്ങളുടെ യഥാർത്ഥ ആത്മാവിന്റെ അറിവ് നിങ്ങൾക്ക് ലഭിക്കുമ്പോൾ, ഈ കാഷായങ്ങൾ വിട്ടുപോകുന്നു. കോപം വരുമ്പോൾ ഒരാൾക്ക് വിഷമം തോന്നുന്നു. എന്നാൽ പ്രതിക്രമണം ചെയ്യാനറിയില്ലെങ്കിൽ അതുകൊണ്ട് എന്താണ് ഗുണം? എങ്ങനെ പ്രതിക്രമണം ചെയ്യണം എന്ന് അറിഞ്ഞാൽ ഒരാൾ മുക്തനാകും.

എത്ര കാലം ഈ കാഷായങ്ങൾ നില നിൽക്കും? "ഞാൻ ചന്തുലാൽ ആണ് " എന്ന് വിശ്വസിക്കുന്ന ഇടത്തോളം കാലം കാഷായങ്ങൾ നില നിൽക്കും. ഈ വിശ്വാസം "ഞാൻ കോപിക്കുന്നു, ഞാൻ ദുഃഖിതൻ ആണ് " എന്നിങ്ങനെ ഉള്ള കാഷായങ്ങൾ തന്റേതാണ് എന്ന ബോധത്തിന് താങ്ങ് നൽകുന്നു.

ഒരാൾക്ക് "ഞാൻ ശുദ്ധാത്മാവാണ് " എന്ന ബോധം ലഭിക്കുമ്പോൾ, " ഞാൻ ചന്ദുലാൽ ആണ് " എന്ന ബോധം തകരുന്നു. അങ്ങനെ കാഷായങ്ങൾ നശിക്കുന്നു. ഈ ബോധമില്ലാതെ കാഷായങ്ങളെ നശിപ്പിക്കാനായി ചെയ്യുന്ന എല്ലാ പരിശ്രമങ്ങളും, വാസ്തവത്തിൽ അവയെ നിലനിർത്തുന്നു. ഈഗോ ഉപയോഗിച്ച് കോപം നിയന്ത്രിച്ചാൽ ഈഗോ വർദ്ധിക്കുന്നു. ഈഗോ ഉപയോഗിച്ച് ആർത്തിയെ തരണം ചെയ്താൽ ഈഗോ വർദ്ധിക്കുന്നു.

## (33) കോപം നിയന്ത്രിക്കപ്പെട്ടാൽ അഹങ്കാരം വർദ്ധിക്കുന്നു

ഒരു സാധു എന്നോടു പറഞ്ഞു, അയാൾ ആത്മീയപരിശ്രമം കൊണ്ട് കോപം പരിപൂർണ്ണമായി നീക്കം ചെയ്തു എന്ന്. വാസ്തവത്തിൽ കോപം അടിച്ചമർത്തപ്പെട്ടിരിക്കുകയായിരുന്നു. ഞാനദ്ദേഹത്തോടു പറഞ്ഞു, അതിനു പകരമായി നിങ്ങൾ അഹങ്കാരമെന്ന (അഭിമാനം) ഭൂതത്തെ സൃഷ്ടിച്ചിരിക്കുകയാണെന്ന്. ഈ ഭൂതം നശിക്കാതിരിക്കുന്നു, കാരണം അദ്ദേഹം ആത്മാവിനെ അറയാതിരിക്കലിന്റെ (മായയുടെ) സന്തതിയാണ്. അജ്ഞതയുടെ സന്തതികളെ കൊല ചെയ്യാനാവില്ല. പരിഹാര മാർഗ്ഗം അറിയാം എങ്കിൽ ഒരാൾക്ക് അവയെ ഒഴിവാക്കാം. ആ പരിഹാര മാർഗ്ഗം ആത്മജ്ഞാനമാണ്.

## (34) കോപവും വഞ്ചനയും തെറ്റായ സംരക്ഷകരാണ്

കോപവും വഞ്ചനയും അഹങ്കാരത്തിനും ആർത്തിക്കും സംരക്ഷണം നല്കുന്നു. ആർത്തിയുടെ സംരക്ഷകൻ വഞ്ചനയാണ്. അഹങ്കാരത്തിന്റെ സംരക്ഷകൻ കോപവും. ചിലപ്പോൾ വഞ്ചനയും അഹങ്കാരത്തിന്റെ സംരക്ഷണത്തിന്റെ പങ്ക് വഹിക്കും. ചിലപ്പോൾ കോപം ആർത്തിയുടെ സംരക്ഷകനായി പ്രവർത്തിക്കും.

കോപത്തിലൂടെ അവർ ആർത്തിയെ പ്രവർത്തിപ്പിക്കും. ആർത്തിയുള്ള ഒരാൾ അപൂർവ്വ മായേ കോപിക്കു. അയാൾ കോപിക്കുകയാണെങ്കിൽ നമുക്കു മനസ്സിലാക്കാം ആർത്തിയുമായി ബന്ധപ്പെട്ട് എന്തോ പ്രശ്നം അയാൾ അനുഭവിക്കുന്നുണ്ടെന്ന്. അതിനു പുറമെ, ആർത്തിയുള്ളവർ, മറ്റുള്ളവർ എന്താണ് പറയുന്നത് എന്നോ ചിന്തിക്കുന്നത് എന്നോ ആലോചിക്കാറില്ല, അവർക്ക് കാശുണ്ടാക്കാൻ കഴിഞ്ഞാൽ മതി. പരിഹസിക്കപ്പെട്ടാൽ പോലും അവർ ശ്രദ്ധിക്കില്ല. വഞ്ചന അവരെ സംരക്ഷിക്കുന്നതു കൊണ്ടാണ് അവർ ഇങ്ങനെ ആയിരിക്കുന്നത്. വഞ്ചനയാണ് അവരുടെ അജ്ഞത, അതവരുടെ പ്രകൃതിയുടെ ഭാഗമാണ്. അങ്ങനെ,

വഞ്ചനയും കോപവും ആന്തരികമായ ദൗർബ്ബല്യങ്ങളുടെ സംരക്ഷകരാണ്.

ഒരാളുടെ അഭിമാനത്തിനു മുറിവേറ്റാൽ അയാൾ കോപിക്കും. കോപം പെട്ടന്ന് തിരിച്ചറിയാനാവും. അതുകൊണ്ട് വഞ്ചനയുമായി താരതമ്യം ചെയ്യുമ്പോൾ, നീക്കം ചെയ്യാനും എളുപ്പമാണ്. വഞ്ചന വഞ്ചിക്കുന്ന ആളെ തന്നെ വഞ്ചിക്കുകയാണ്. കോപമാണ് ഏറ്റവും ആദ്യം വിട്ടു പോകുന്ന കാഷായം. കോപം വെടി മരുന്നു പോലെയാണ്. വെടി മരുന്ന് ഇരിക്കുന്നിടത്തു, ഒരു സൈന്യം യുദ്ധസന്നദ്ധമായി ഇരിക്കുന്നുണ്ടാവും. വെടി മരുന്നു തീർന്നാൽ, എന്തിനാണ് സൈന്യം പിന്നെ യുദ്ധം ചെയ്യുന്നത്? എല്ലാവരും വേഗം ഓടിപ്പോവും. ആരും ചുറ്റിപ്പറ്റി നിൽക്കില്ല.

## (35) കോപത്തിന്റെ പ്രകൃതി

കോപം ആവിയാവുന്ന പരമാണുക്കളാണ്. ഒരു പീരങ്കി വെടിമരുന്നിന് തീപിടിച്ചാൽ, അത് പൊട്ടാനാരംഭിക്കും. വെടി മരുന്നു മുഴുവൻ തീർന്നാൽ, പീരങ്കി വീണ്ടും പ്രവർത്തന രഹിതമാവും. അതുപോലെ തന്നെയാണ് കോപവും. കോപത്തിന്റെ ആവിയാവുന്ന പരമാണുക്കൾ വ്യവസ്ഥിതിയുടെ (Scientific Circumstantial Evidences) നിയമം അനുസരിച്ച് തീപിടിക്കുന്നു. അത് എല്ലാ ദിശകളിലേക്കും പൊട്ടി തെറിക്കുന്നു. കോപത്തിന്റെ ചരട് നിലനിൽക്കുന്നില്ലെങ്കിൽ അതിനെ ക്രോധം എന്ന് വിളിക്കാനാവില്ല. അതുമായി ബന്ധപ്പെട്ട ബന്ധനച്ചരട് നിലനിന്നാലേ കോപത്തെ ക്രോധം എന്ന് പറയാനാവൂ. അകത്ത് എരിയുന്ന തരത്തിലുള്ള തോന്നലുണ്ടാവുമ്പോൾ അതിനെ ക്രോധം എന്നു പറയാം. അങ്ങനെ സംഭവിച്ചാൽ, കത്തൽ തുടരുകയും അത് മറ്റുള്ളവരെ ബാധിക്കുകയും ചെയ്യും. പുറത്തേക്ക് ഈ തീ പ്രകടമായാൽ അതിനെ "കഠാപ്പോ" എന്നു വിളിക്കുന്നു. ആന്തരികമായ എരിച്ചിലും അസ്വസ്ഥതയും അനുഭവപ്പെടുമ്പോൾ അതിനെ "അജാമ്പോ" എന്നു വിളിക്കുന്നു. പിണക്കം ഈ രണ്ടവസ്ഥയിലും ഉണ്ടായിരിക്കും.

## (36) ആന്തരികവിരോധം നിലനിർത്തുകയോ സഹിക്കുകയോ ചെയ്യുന്നത് കോപമാണ്

ആളുകൾ കോപവാക്കുകൾ ഉപയോഗിക്കാതിരുന്നാൽ, അത് ആരേയും വേദനിപ്പിക്കുക ഇല്ല. പുറത്തേക്ക് പ്രകടമാകുന്ന കോപത്തെ മാത്രമല്ല കോപം എന്നു പറയുന്നത്. അകത്ത് അനുഭവപ്പെടുന്ന നീറ്റലും കോപം തന്നെയാണ്. സഹനം വാസ്തവത്തിൽ ഇരട്ടി കോപമാണ്. സഹനമെന്നാൽ തുടർച്ചയായ അടിച്ചു അമർത്തൽ ആണ്. അമർത്തി വെച്ച സ്പ്രിങ്ങ് പോലെ, അടിച്ചു അമർത്ത പെട്ട കോപം പൊട്ടിത്തെറിക്കുമ്പോൾ ഇത് ഒരാൾക്ക് മനസ്സിലാവും. എന്തിനാണ് ഒരാൾ സഹിക്കുന്നത്? ജ്ഞാനത്തിലൂടെ ഒരു പരിഹാരത്തിൽ എത്തിച്ചേരുകയേ വേണ്ടൂ.

## (37) കോപം ഹിംസയാണ്

ബുദ്ധി ഒരാളെ വികാരഭരിതനാക്കും, ജ്ഞാനം ഒരാളെ ശാന്തനാക്കും. സുഗമമായി നീങ്ങുന്ന തീവണ്ടി വികാരഭരിതമായാൽ എന്തു സംഭവിക്കും?

**ചോദ്യകർത്താവ്:** അപകടം സംഭവിക്കും.

**ദാദാശ്രീ:** അത് പാളത്തിൽ നിവർന്നു നിന്നില്ലെങ്കിൽ അപകടം സംഭവിക്കും. അതുപോലെ, ഒരാൾ വികാര ഭരിതൻ ആകുമ്പോൾ, അദ്ദേഹത്തിനകത്തുള്ള അനേകം ജീവജാലങ്ങൾ കൊല്ലപ്പെടുന്നു. കോപം ഉയരുന്ന നിമിഷത്തിൽ തന്നെ ദശലക്ഷ കണക്കിന് ജീവനുകൾ നശിപ്പിക്കപ്പെടുന്നു. എന്നാൽ, അങ്ങനെ ആയിരുന്നിട്ടും ആളുകൾ പറയുന്നു, അവർ അഹിംസാ മാർഗ്ഗം പിൻ തുടരുന്നവർ ആണെന്ന്. വികാര വിക്ഷുബ്ധരായി കോപിക്കുമ്പോൾ, വലിയ ഹിംസയാണ് ചെയ്യുന്നതെന്ന് ആളുകൾ ബോധവാന്മാർ ആവേണ്ടതാണ് .

## (38) കോപത്തെ ജയിക്കാനുള്ള മാർഗ്ഗം

ലോകത്തിലെ ബാഹ്യമായ പ്രവർത്തനങ്ങൾ: മനുഷ്യരുടെ ചിന്തകൾ, വാക്ക്, പ്രവൃത്തികൾ എന്നിവ മാറ്റം വരാത്തവയാണ്. അങ്ങനെയാണെങ്കിലും, ഒരാൾ തന്റെ ഭാവങ്ങൾ മാറ്റിയാൽ അത് ധാരാളമായിരിക്കും.

ജനങ്ങൾ പറയുന്നു, അവർ അവരുടെ കോപം ഇല്ലാതാക്കാൻ ആഗ്രഹിക്കുന്നു എന്ന്. ഒരാൾക്ക് അത് പെട്ടന്ന് നിർത്താനാവില്ല. ആദ്യം ഒരാൾ കോപം എന്താണെന്നും അതിനു പിറകിലുള്ള കാരണങ്ങൾ എന്തെന്നും തിരിച്ചറിയണം. അത് എങ്ങനെ ജനിക്കുന്നു? ആരാണ് അതിന്റെ മാതാപിതാക്കൾ? കോപത്തെ മനസ്സിലാക്കുന്നതിനു മുമ്പ് ഇതൊക്കെ തീരുമാനിക്കണം.

## (39) മോചനം നേടിയവരുടെ കൈകളിൽ മോചനം

നിങ്ങൾക്ക് നിങ്ങളുടെ ദൗർബ്ബല്യങ്ങൾ ഇല്ലാതാക്കണം എന്നുണ്ടോ ? എന്താണ് ഇല്ലാതാക്കേണ്ടത് എന്ന് എന്നോടു പറയൂ. ഒരു പട്ടിക തയ്യാറാക്കൂ. നിങ്ങൾ കോപം, അഹങ്കാരം, ആസക്തി, ആർത്തി എന്നിവയാൽ ബന്ധിതനാണോ?

**ചോദ്യകർത്താവ്:** അതെ.

**ദാദാശ്രീ:** സ്വയം ബന്ധിതനായ ഒരാൾ എങ്ങനെയാണ് സ്വയം കെട്ടറുക്കുക? കൈകളും കാലുകളും മുറുകെ ബന്ധിക്കപ്പെട്ട ഒരാൾ എങ്ങനെ സ്വതന്ത്രനാകും?

**ചോദ്യകർത്താവ്:** അയാൾക്ക് മറ്റാരുടെയെങ്കിലും സഹായം ആവശ്യമാണ്.

**ദാദാശ്രീ:** സ്വയം കെട്ടപ്പെട്ട ഒരാളുടെ സഹായമാണോ അയാൾ അന്വേഷിക്കേണ്ടത്?

**ചോദ്യകർത്താവ്:** സഹായിക്കാൻ കഴിയും വിധം സ്വതന്ത്രനായ ഒരാളുടെ സഹായം അയാൾ തേടണം.

**ദാദാശ്രീ:** അതെ. നിങ്ങൾ സ്വതന്ത്രനായ ഒരാളുടെ സഹായം തേടണം.

## (40) കോപം, അഹങ്കാരം, ആസക്തി, ആർത്തി എന്നിവയുടെ ആഹാരം

അവരുടെ കോപത്തെക്കുറിച്ച് അല്പം ബോധവും ഉൾക്കാഴ്ചയുമുള്ള ധാരാളം ആളുകൾ ഉണ്ട്. അവർ പറയുന്നു, അവർക്കുള്ളിൽ വളരുന്ന കോപത്തെ അവർ ഇഷ്ടപ്പെടുന്നില്ലെന്ന്. അതേ സമയം മറ്റു പലരും, കോപിച്ചില്ലെങ്കിൽ അവർക്ക്ഒന്നും തന്നെ നേടാനാവില്ല എന്ന് വിശ്വസിക്കുന്നു.

കോപവും, അഹങ്കാരവും, ആസക്തിയും, ആർത്തിയും അവയുടെ അവകാശിയെ തന്നെ എപ്പോഴും ഉപദ്രവിക്കുന്നു. ജനങ്ങൾക്ക് ഇത് അറിയില്ല. നിങ്ങൾ അവയെ മൂന്നു വർഷം പട്ടിണിക്ക് ഇടുകയാണെങ്കിൽ, അവ ഓടിപ്പോവും. ഈ ദൗർബ്ബല്യങ്ങളുടെ പോഷണം എന്താണ്? എങ്ങനെയാണ് അവ ജീവിക്കുന്നത് എന്നറിയില്ലെങ്കിൽ, നിങ്ങൾക്ക് എങ്ങനെ അവയെ പട്ടിണിക്കിടാനാവും? നിങ്ങളുടെ അറിവില്ലായ്മയാണ് അവക്ക് നില നില്പിനുള്ള ഭക്ഷണം നൽകുന്നത്. എങ്ങനെയാണ് അവ നില നിന്ന്, ജന്മജന്മാന്തരങ്ങളിലൂടെ മുന്നോട്ടു നീങ്ങുന്നത്? അവക്ക് തീറ്റ കൊടുക്കുന്നത് നിർത്തൂ. ജനങ്ങൾ ഈ വഴിക്ക് ചിന്തിക്കുന്നില്ല. പകരം നിർബ്ബന്ധപൂർവ്വം അവയെ അടക്കാനായി ശ്രമിക്കുന്നു. ഈ നാല് ദൗർബ്ബല്യങ്ങൾ അത്ര എളുപ്പം വിട്ടുപോവില്ല.

ഒരു ആചാര്യൻ (ആദ്ധ്യാത്മികത്തലവൻ) തന്റെ ശിഷ്യന്മാരെ കോപത്തോടെ ശാസിക്കുന്നു. എന്ത് കൊണ്ടാണ് ശിഷ്യനെ ശാസിക്കുന്നതെന്ന് ആരെങ്കിലും ചോദിച്ചാൽ അയാൾ പറയും, ശിഷ്യനോട് അങ്ങനെ പറയേണ്ട ആവശ്യം ഉണ്ടെന്ന്. ആ പ്രസ്താവനയിലൂടെ അയാൾ തന്റെ കോപത്തിന് തീറ്റ നല്കുകയാണ്. അയാളുടെ കോപത്തിന് നൽകുന്ന ഈ താങ്ങാണ് അതിന്റെ ഭക്ഷണം.

കോപത്തിനും, അഹങ്കാരത്തിനും, ആസക്തിക്കും, ആർത്തിക്കും മൂന്നു വർഷം ഭക്ഷണം നൽകിയില്ലെങ്കിൽ, അവ വിട്ടു പോവും. ഓരോന്നിനും അതിന്റേതായ സവിശേഷ ഭക്ഷണമുണ്ട്. ആളുകൾ അവ നിത്യവും നല്കുന്നു. അങ്ങനെ അവ ആരോഗ്യവും ശക്തിയും ഉള്ളവ ആയിത്തീരുന്നു .

ഒരാൾ തന്റെ കുട്ടിയെ കോപത്താൽ അടിക്കുമ്പോൾ, ഭാര്യ അങ്ങനെ ചെയ്യുന്നതിന് അയാളെ പരിഹസിക്കും. അയാൾ അവളോട്, കുട്ടി അത് അർഹിക്കുന്നു എന്ന് പറയുമ്പോൾ, അയാൾ തന്റെ കോപത്തിന് തീറ്റ നല്കുകയാണ്. ഇത്തരം പ്രസ്താവനകൾ വഴി ആളുകൾ അവരുടെ ദൗർബ്ബല്യങ്ങൾക്ക് താങ്ങ് നൽകുന്നു.

ഞാൻ ഒരിക്കലും കോപത്തിനും, അഹങ്കാരത്തിനും, ആസക്തിക്കും, ആർത്തിക്കും സംരക്ഷണം നൽകിയിട്ടില്ല. ഞാൻ കോപിക്കാനിടയായാൽ, ആരെങ്കിലും എന്നോട് എന്തിനു കോപിച്ചു എന്നു ചോദിച്ചാൽ, ഞാൻ അയാളോടു പറയും കോപിക്കുന്നത് തെറ്റാണ്, എന്റെ ദൗർബ്ബല്യം കൊണ്ടാണ് കോപമുണ്ടായത് എന്ന്. ഈ രീതിയിൽ, ഞാനതിനെ സംരക്ഷിക്കില്ല. പക്ഷെ മറ്റാളുകൾ അങ്ങനെ ചെയ്യുന്നു.

ഒരു സന്യാസി മൂക്കുപൊടി വലിക്കുന്ന സ്വഭാവക്കാരൻ ആവാൻ ഇടയായാൽ, അയാളുടെ സ്ഥാനം അനുസരിച്ച് എന്തുകൊണ്ടാണ് അങ്ങനെ ഒരു ദുശ്ശീലത്തിന് അടിമയായത് എന്നു ചോദിച്ചാൽ, പൊടിവലിക്കുന്നതിൽ ദോഷമൊന്നുമില്ല എന്ന് അദ്ദേഹം

പറയുകയാണ് എങ്കിൽ, അയാൾ തന്റെ ദുശ്ശീലത്തെ ശക്തി പെടുത്തുകയാണ്.

കോപം, അഹങ്കാരം, ആസക്തി, ആർത്തി എന്നിങ്ങനെയുള്ള നാലെണ്ണത്തിൽ ഏതെങ്കിലും ഒന്നിനോട് ഒരാൾ കൂടുതൽ അടുപ്പം കാണിച്ചേക്കാം. അതിനോട് മറ്റുള്ളവയെ അപേക്ഷിച്ച് കൂടുതൽ പക്ഷം ചേരുന്നതുകൊണ്ട് അതിനെ അയാൾ കൂടുതൽ ശക്തിപ്പെടുത്തുന്നു.

## (41) സ്ഥൂലകർമ്മവും സൂക്ഷ്മകർമ്മവും

സ്ഥൂലകർമ്മം എന്താണെന്ന് ഞാൻ നിങ്ങൾക്ക് വിശദീകരിച്ചു തരാം. കോപിക്കാൻ ആഗ്രഹം ഇല്ലെങ്കിലും, നിങ്ങൾക്ക് കോപം വരാറുണ്ടോ?

**ചോദ്യകർത്താവ്:** ഉണ്ട്.

**ദാദാശ്രീ:** നിങ്ങളുടെ കോപത്തിന്റെ ഫലം നിങ്ങൾ ഉടൻ തന്നെ അനുഭവിക്കും. ആളുകൾ പറയും നിങ്ങൾ ദേഷ്യക്കാരൻ ആണെന്ന്. ചിലർ നിങ്ങളെ അടിച്ചെന്നും വരാം. അതിന്റെ അർത്ഥമെന്താണ്? നിങ്ങൾ ഒരു രീതിയിലല്ലെങ്കിൽ മറ്റൊരു രീതിയിൽ അപമാനിതനാകുന്നതുവഴി, അതിന്റെ ഫലം അനുഭവിക്കുന്നു. അതുകൊണ്ട് കോപം സ്ഥൂലകർമ്മമാണ്. നിങ്ങൾ കോപിക്കുമ്പോൾ, നിങ്ങളുടെ ആന്തരികഭാവം കോപം അത്യാവശ്യമാണ് എന്നാണെങ്കിൽ, ആ ഭാവമായിരിക്കും നിങ്ങളുടെ അടുത്ത ജന്മത്തിലേക്ക് ഉള്ള കോപത്തിന്റെ എക്കൗണ്ട്. അതേസമയം നിങ്ങളുടെ ഇന്നത്തെ ഭാവം, കോപിക്കാൻ പാടില്ല, കോപത്തിന്റെ ഒരു ഭാഗവും ഉണ്ടാവാൻ പാടില്ല എന്ന തീരുമാനമാണെങ്കിൽ, എന്നിട്ടും കോപം സംഭവിക്കുകയാണെങ്കിൽ, നിങ്ങൾ അടുത്ത ജന്മത്തിലേക്ക് കോപം ബന്ധിക്കുകയില്ല. ഈ ജീവിതത്തിലെ സ്ഥൂലകർമ്മമായ കോപത്തിന് നിങ്ങൾ

ശിക്ഷിക്കപ്പെട്ടും. അങ്ങനെയാണെങ്കിലും അടുത്ത ജന്മത്തിലേക്ക് കോപം ബന്ധിക്കപ്പെടുകയില്ല. അതിനു കാരണം സൂക്ഷ്മ കർമ്മത്തിൽ നിങ്ങൾ കോപിക്കാതിരിക്കാൻ ഉറച്ച തീരുമാനം എടുത്തിരിക്കുന്നു എന്നതാണ്.

അതേസമയം, ആരോടും കോപിക്കാത്ത ഒരാൾ, ആളുകളെ നേരെ ആക്കാൻ കോപം ആവശ്യമാണ് എന്ന് വിശ്വസിക്കുക ആണെങ്കിൽ, അയാളുടെ അടുത്ത ജന്മത്തിൽ വളരെ കോപിഷ്ഠനായ ആളായിരിക്കും. അതായത് പുറമേക്കുള്ള കോപം സ്ഥൂലകർമ്മത്തെ പ്രതിനിധാനം ചെയ്യുന്നു. ആന്തരികഭാവമാണ് സൂക്ഷ്മകർമ്മം. സ്ഥൂലകർമ്മം പുതിയ കർമ്മം ബന്ധിക്കുകയില്ല. അവ ഫലസ്വരൂപത്തെ സൂചിപ്പിക്കുന്നു. അതുകൊണ്ടാണ് ഞാൻ ഈ ശാസ്ത്രം ഒരു വ്യത്യസ്തമായ കാഴ്ചപ്പാടിൽ അവതരിപ്പിക്കുന്നത്. ഇതുവരെ ആളുകൾ സ്ഥൂലകർമ്മം മൂലമാണ് കർമ്മം ബന്ധിതമാകുന്നത് എന്ന് വിശ്വസിക്കാൻ നിർബ്ബന്ധിതരായിരുന്നു. അതുകൊണ്ടാണ് അവർ ഭീതിയിൽ ജീവിക്കുന്നത്.

## (42) ഭേദശാസ്ത്രത്തിലൂടെ കാഷായങ്ങൾ ഓടി മറയുന്നു

**ചോദ്യകർത്താവ്:** ഈ നാല് കാഷായങ്ങളെ ജയിക്കാൻ എന്തെങ്കിലും മുൻകൂട്ടിയുള്ള യോഗ്യതകൾ ആവശ്യമാണോ?

**ദാദാശ്രീ:** കോപം, അഹങ്കാരം, ആസക്തി, ആർത്തി എന്നിങ്ങനെയുള്ള നാല് കാഷായങ്ങൾ വിട്ടു പോയാൽ, ഒരാൾ ദൈവമായിത്തീരുന്നു.

ഭഗവാൻ പറയുന്നു, ഒരാൾ തന്റെ രക്തബന്ധത്തിലുള്ളവരോട് കോപിച്ചാൽ, അവരുടെ മനസ്സുകൾ തകർന്നുപോകുന്നുവെന്ന്. ആ ഭിന്നിച്ച അവസ്ഥ വർഷങ്ങളോളമോ, ജീവിതകാലം മുഴുവനുമോ തുടരും. അന്തിമമായി അത് വ്യർത്ഥമായ കോപമാണ്. ഇത്തരം കോപം ഒരാളിൽ അനന്തമായ ജന്മങ്ങൾ ബന്ധിക്കും. ആർത്തിയും,

അഹങ്കാരവും, ആസക്തിയുമെല്ലാം അങ്ങനെത്തന്നെ ചെയ്യും. അവ വളരെ വിഷമം പിടിച്ചവയാണ്. അവ നീങ്ങിപ്പോയാൽ മാത്രമെ ഒരാൾക്ക് പരമാനന്ദം അനുഭവിക്കാനാവൂ.

ജ്ഞാനം നേടിയവരുടെ വാക്കുകൾ ശ്രദ്ധിച്ചാൽ ഒരാൾക്ക് തന്റെ കാഷായങ്ങൾ നീക്കം ചെയ്യാം. ജ്ഞാനോദയം ഉണ്ടായിട്ടുള്ള ആളാണ് ജ്ഞാനീപുരുഷൻ. അദ്ദേഹത്തിന് ആത്മാവിനെക്കുറിച്ച് അറിയാം. ആ അറിവ് നിങ്ങൾക്ക് തരാനും കഴിയും.

ഈ കാഷായങ്ങളിൽ നിന്നും മുക്തനാകാനുള്ള മറ്റൊരു മാർഗ്ഗമാണ് ഭേദജ്ഞാനം. ഭേദജ്ഞാനം നേടിയാൽ ഈ കാഷായങ്ങളെയെല്ലാം ഇല്ലാതാക്കാം. ഇത് കാലഘട്ടത്തിലെ അത്ഭുതമാണ്. ഇതിനെ അക്രമവിജ്ഞാനം എന്നു പറയുന്നു.

**ജയ് സച്ചിദാനന്ദ്.**

# Books of Dada Bhagwan Foundation

| | |
|---|---|
| 1.Adjust Everywhere<br>2.Ahimsa : Non-Violence<br>3.Anger<br>4.Aptavani-1<br>5.Aptavani-2<br>6.Aptavani-4<br>7.Aptavani-5<br>8.Aptavani-6<br>9.Aptavani-8<br>10.Aptavani-9<br>11.Autobiography of Gnani Purush A.M Patel<br>12.Avoid Clashes<br>13.Brahmacharya<br>14.Death : Before, During & After<br>15.Flawless Vision<br>16.Generation Gap<br>17.Harmony in Marriage<br>18.Life Without Conflict<br>19.Money<br>20.Noble Use of Money | 21.Pratikraman<br>22.Pure Love<br>23.Right Understanding to Help Others<br>24.Science of Karma<br>25.Science of Speech<br>26.Shree Simandhar Swami : The Living God<br>27.The Essence Of All Religion<br>28.The Fault Is Of The Sufferer<br>29.The Guru and The Disciple<br>30.The Hidden Meaning Of Truth & Untruth<br>31.The Practice Of Humanity<br>32.Trimantra : The mantra that removes all the worldly obstacles<br>33.Whatever Happened is Justice<br>34. Who Am I ?<br>35.Worries |

- Dada Bhagwan books are availables in different languages: Gujarati, Hindi, English, Marathi, Telegu, Kanada, Oriya, Malayali, Bengali, Punjabi, Assamese, Tamil, German, Spanish, Russian etc
- 'Dadavani' Magazine is published every month in three Languages: Gujarati, Hindi, and English.

**www.dadabhagwan.org**

# Dada Bhagwan Parivar

**Adalaj:** Trimandir, Simandhar City, Ahmedabad-Kalol Highway, Po/Adalaj, Dist.: Gandhinagar-382421, Gujarat, India.
Tel: +91-9328661166/ 9328661177
Email: info@dadabhagwan.org

| | | | |
|---|---|---|---|
| Mumbai | 9323528901 | Delhi | 9810098564 |
| Kolkata | 9830093230 | Chennai | 7200740000 |
| Jaipur | 9351408285 | Patna | 7352723132 |
| Bhopal | 9425024405 | Amravati | 9422915064 |
| Indore | 9039936173 | Bangalore | 9590979099 |
| Raipur | 9329644433 | Hyderabad | 9989877786 |
| Chandigarh | 9780732237 | Pune | 9422660497 |
| Kanpur | 9452525981 | Jalandhar | 9814063043 |
| Bhubaneswar | 8763073111 | Sangli | 9423870798 |
| Varanasi | 9795228541 | | |

| | |
|---|---|
| U.S.A Dada Bhagwan Vignan Institute<br>Tel: +1 877-505-DADA(3232)<br>Email:info@us.dadabhagwan.org | **U.K: Dada Darshan (UK)**<br>Tel: +44 330-111-DADA(3232)<br>Email:info@uk.dadabhagwan.org |
| **Germany** :+49 700 32327474<br>**UAE:** +97 1557316937<br>**Kenya:** +25 4722722063<br>**Dubai**: +971 501364530 | Australia: +61 421127947<br>New Zealand: +6421 0376434<br>Singapore: +65 81129229 |



**കോപവുമായി
താരതമ്യം ചെയ്യുമ്പോൾ
സൗമ്യതയുടെ ശക്തി
വളരെ അധികമാണ്.**

ഈ കോപം-മാനം-മായാ-ലോഭം എല്ലാം ദൗർബ്ബല്യങ്ങളാണ്. ശക്തി ഉള്ളവന് കോപിക്കേണ്ട ആവശ്യം തന്നെ എന്താണ്? എന്നാൽ ഇവർ കോപത്തിന്റെ ചൂടുകൊണ്ട് മുന്നിലുള്ള ആളെ നിയന്ത്രിക്കാൻ ശ്രമിക്കുന്നു. പക്ഷെ മുന്നിലുള്ള ആൾക്ക് കോപമില്ലെങ്കിൽ എന്തുണ്ടാവാനാണ്? സൗമ്യത (ശീലം) എന്ന ഗുണമുള്ള ആളെ മൃഗങ്ങൾ പോലും അനുസരിക്കുന്നു. പുലി, സിംഹം, ശത്രുക്കൾ, മാത്രമല്ല ഒരു സൈന്യം മുഴുവനും അവനെ അനുസരിക്കുന്നു.

**ദാദാശ്രീ**

ISBN 978-93-90664-83-2

9 789390 664832

Printed in India

**Price ₹20**

dadabhagwan.org